കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**7/43 /2019**

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി : **7.3.2019**

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന **)**
ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ**,**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.**7 /43 /2019**

തീയതി**: 7.3.2019**

# തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ

എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 68 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 66 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.12.2018 മുതൽ 31.12.2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :
1. ശ്രീ,മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി ലേഖ.എം.എൽ , സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ. സുജേഷ്.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.വിനോദ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീ. അരുൺദേവ്.വി.ആർ, ഓഡിറ്റർ

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ.നവപ്രകാശ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ശ്യാംകുമാർ.കെ.വി. | 01.04.2017 മുതൽ 22.08.2017 വരെ |
| | ശ്രീമതി സീമ.എസ്.എൽ. | 23.08.2017 മുതൽ 06.09.2017 വരെ |
| | ശ്രീ. ബിജുകുമാർ.ആർ.റ്റി. | 07.09.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ശ്യാംകുമാർ.കെ.വി. | 01.04.2017 മുതൽ 22.08.2017 വരെ |
| | ശ്രീമതി സീമ.എസ്.എൽ. | 23.08.2017 മുതൽ 06.09.2017 വരെ |
| | ശ്രീ. ബിജുകുമാർ.ആർ.റ്റി. | 07.09.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. മണിവർണ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(സർക്കിൾ എ) | ശ്രീ. ഷജീർഖാൻ | 01.04.2017മുതൽ 31.05.2017 വരെ |
| | ശ്രീ. ഷാനവാസ് | 01.06.2017 മുതൽ 20.06.2017 വരെ |
| | ശ്രീ. അഭിലാഷ് ദിവാകരൻ | 21.06.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ ബി) | ശ്രീ. ഷാനവാസ് | 01.04.2017 മുതൽ 15.06.2017 വരെ |
| | ശ്രീ. അഭിലാഷ് ദിവാകരൻ | 16.06.2017 മുതൽ 30.06.2017 വരെ |
| | ശ്രീ.ഷാജി.ജെ.ശിവകൃഷ്ണ | 01.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി അനന്ദലക്ഷ്മി.എം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഉദയലാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | ഡോ. ലക്ഷ്മി | 01.04.2017 മുതൽ 29.05.2017 വരെ |
| | ഡോ. ബിന്ദു.പി. | 30.05.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഇന്ദു.എസ്.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീമതി അനിത.കെ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ. രാധാകൃഷ്ണൻ | 01.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അഫ്സൽ.വി | 01.04.2017 മുതൽ 19.10.2017 വരെ |
| | ശ്രീ. വിനുരാജ് | 20.10.2017 മുതൽ 03.11.2017 വരെ |
| | ശ്രീമതിഅശ്വതി.എസ്.പ്രസാദ് | 04.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.വി.രമ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി സീമ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം 1** | | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| **ഭാഗം 2**<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-1 | |
| 14 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 | |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല | 2-3 | |
| 16 | ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-4 | |
| 17 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല | 2-5 | |
| 18 | ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-6 | |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-7 | |
| 20 | സ്വകാര്യ ഫാമുകൾ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 2-8 | |
| 21 | വളർത്തു നായ്ക്കളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ | 2-9 | |

| | | | |
|---|---|---|---|
| | കൃത്യതയില്ല | | |
| 22 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല | 2-10 | |
| 23 | ലേലംചെയ്ത് നലികിയത്തിന്റെ രേഖകൽ ലഭ്യമല്ല | 2-11 | |
| 24 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം | 2-12 | |
| 25 | മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടില്ല | 2-13 | |
| 26 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 2-14 | |
| 27 | ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-15 | |
| 28 | അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല – രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു. | 2-16 | |
| 29 | ഓഡിറ്റ് ഇംപാക്ട് | 2-17 | |
| ഭാഗം **3**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 30 | സംയുക്ത പ്രോജക്ടുകൾ– സർക്കാർ നിർദ്ദേശം പാലിക്കണം | 3-1 | |
| 31 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 3-2 | |
| 32 | വിനിയോഗ സാക്ഷ്യപത്രം യഥാസമയം ലഭ്യമാക്കുന്നില്ല. | 3-3 | |
| 33 | ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ ശേഷിക്കുന്നു | 3-4 | |
| 34 | കറവപശു വളർത്തൽ പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-5 | |
| 35 | സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി -മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. | 3-6 | |
| 36 | അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു | 3-7 | |
| 37 | മരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും സ്പിൽ ഓവർ | 3-8 | |
| 38 | മത്സരാധിഷ്ഠിതമല്ലാത്ത ടെന്ററുകൾ | 3-9 | |
| 39 | ചിറവിള കുളം പുനരുദ്ധാരണം - പ്രവൃത്തി പ്രയോജനപ്രദമാക്കാനുള്ള നടപടികൾ ആവശ്യം | 3-10 | |
| 40 | പാടശേഖരസമിതിക്കായി നിർമ്മിച്ച ട്രാക്ടർ പാത പൊളിഞ്ഞ നിലയിൽ | 3-11 | |

| | | | |
|---|---|---|---|
| 41 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം - പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും തുടർ പ്രവർത്തനങ്ങളിലും അപാകം | 3-12 | |
| 42 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാതെ തുടരുന്നു. | 3-13 | |
| 43 | മതിയായ രേഖകളില്ലാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു. | 3-14 | |
| 44 | അംഗൻവാടി പാചക വാതക സബ്സിഡി തുക- അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല | 3-15 | |
| 45 | ഭവന പുനരുദ്ധാരണം- എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹണം നടത്തി. | 3-16 | |
| 46 | വി.ഇ. ഓ നിർവ്വഹണോദ്യോസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയില്ല- ആസൂത്രണത്തിലെ വീഴ്ച | 3-17 | |
| 47 | ഭവന പുനരുദ്ധാരണം- കാലപ്പഴക്കം തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 3-18 | |
| 48 | മരുന്ന് പൂർണമായി ലഭ്യമായില്ല | 3-19 | |
| **ഭാഗം 4** | | | |
| 49 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 50 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 52 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 53 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 54 | ഓഡിറ്റ് റിക്കവറി | 4-6 | |
| 55 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 56 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 10,71,33,082.77/- രൂപയും പ്രതീക്ഷിത ചെലവ് 10,46,47,008/- രൂപയും നീക്കിയിരിപ്പ് 24,86,074.77/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 5,68,33,909.77/- രൂപയും ചെലവ് 5,09,66,985/- രൂപയും നീക്കിയിരിപ്പ് 58,66,924.77/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/ 1858/2018, 18.9.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 59,28,901.77 |
| വരവ് | : | 5,09,05,008.00 |
| ആകെ | : | 5,68,33,909.77 |
| ചെലവ് | : | 5,09,66,985.00 |
| നീക്കിയിരിപ്പ് | : | 58,66,924.77 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 10089301 | 10089301 | 10089301 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9929134 | 9929134 | 9929134 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 4169269 | 4169269 | 4169269 | 0 |
| സംരക്ഷണഗ്രാന്റ്(നോൺറോഡ്) | 0 | 2592000 | 2592000 | 2592000 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3444591 | 3444591 | 3444591 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2197753 | 2197753 | 2197753 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 104693 | 798272 | 902965 | 764754 | 138211 |
| ബി ഫണ്ട് | 0 | 97200 | 97200 | 97200 | 0 |
| ദുരിതാശ്വാസ നിധി SCB | 13619 | 1053 | 14672 | 0 | 14672 |
| സാക്ഷരത | 9376 | 238 | 9614 | 0 | 9614 |
| സംയുക്ത പ്രോജക്ട് (എസ്.റ്റി.എസ്.ബി) | 0 | 2676684 | 2676684 | 2717081 | (-)40397 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട് DCB | 380.77 | 0 | 380.77 | 0 | 380.77 |
| തനത് ഫണ്ട് SBI | 3860546 | 8254701 | 12115247 | 6329695 | 5785552 |
| തനത് ഫണ്ട് SBI | 0 | 9638 | 9638 | 0 | 9638 |
| ജനറൽ പർപ്പസ് ഫണ്ട് (റ്റി.എസ്.ബി) | 1909980 | 6517000 | 8426980 | 8605900 | (-)178920 |
| ക്യാഷ് | 30307 | 128174 | 158481 | 30307 | 128174 |

## 1-6 പദ്ധതി അവലോകനം.

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ വകയിരുത്തി 12 നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതലയിൽ 183 പ്രോജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ ഇവയിൽ 69% പ്രോജക്റ്റുകളാണ് നടപ്പാക്കിയത്. ഇവയിൽ തന്നെ പൂർണമായും നടപ്പാക്കിയത് 60 പ്രോജക്റ്റുകളാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| i | കൃഷി ഓഫീസർ | 14 | 4236611 | 13 | 2407736 | 0 | 1 | 93 |
| ii | വെറ്റിനറി സർജൻ | 17 | 5335620 | 10 | 2303796 | 3 | 4 | 59 |
| iii | മെഡിക്കൽ ഓഫീസർ - PHC | 7 | 1311983 | 5 | 1190693 | 2 | 0 | 71 |
| iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 750000 | 3 | 750000 | 0 | 0 | 100 |
| v | VEO (സർക്കിൾ A) | 15 | 3548827 | 4 | 1127500 | 3 | 8 | 27 |
| vi | ICDSസൂപ്പർവൈസർ | 16 | 4033492 | 3 | 2841118 | 10 | 3 | 19 |
| vii | സെക്രട്ടറി | 16 | 6110140 | 9 | 4123307 | 4 | 3 | 56 |
| viii | HM ഗവ. LPS | 8 | 1769450 | 2 | 1014789 | 1 | 5 | 25 |
| ix | VEO (സർക്കിൾ B) | 6 | 5515000 | 5 | 5065000 | 0 | 1 | 83 |
| x | അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 22497034 | 3 | 11593881 | 35 | 27 | 5 |
| xi | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 330000 | 0 | 260079 | 1 | 0 | 0 |
| xii | അസിസ്റ്റന്റ് സെക്രട്ടറി | 15 | 5973500 | 3 | 3348570 | 8 | 4 | 20 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | 183 | 61411657 | 60 | 36026469 | 67 | 56 | 33 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 104693 | 798272 | 902965 | 764754 | 138211 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9196452 | 9196452 | 9196452 | 0 |
| ആകെ | 104693 | 9994742 | 10099417 | 9961206 | 138211 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97200 | 164 |
| കർഷകതൊഴിലാളി പെൻഷൻ | 1158200 | 102 |
| വിധവാപെൻഷൻ | 10065900 | 897 |
| വാർദ്ധക്യകാലപെൻഷൻ | 20147100 | 1782 |
| വികലാംഗപെൻഷൻ | 2838200 | 242 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 234000 | 28 |
| ആകെ | 34690600 | 3220 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.2018 10.30 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,447/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) സ.ഉ(കൈ)നം 123/2009/തസ്വഭവ, 2.7.2009 ഖണ്ഡിക 10 പ്രകാരം സെക്രട്ടറി വിളിച്ചു ചേർക്കുന്ന ജീവനക്കാരുടെ പ്രതിമാസ യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനവും വിലയിരുത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച പരാതികൾ, പരിഹാര നിർദ്ദേശങ്ങൾ, മോണിറ്ററിംഗ് സമിതി നിർദ്ദേശങ്ങൾ എന്നിവ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതാണ്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ രൂപപ്പെടുത്തേണ്ടതും പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ മിനിട്സ് പരിശോധിച്ചതിൽ 12.4.2017, 2.11.2017 എന്നീ രണ്ട് തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് . ഇതിൽ 2.11.2017 ലെ മിനിട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഫ്രണ്ട് ഓഫീസ് ഡയറിയിലെ കോളം 6 മുതൽ 8 വരെയുള്ളവയുടെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

രേഖപ്പെടുത്തലുകൾ ഇല്ലാത്ത തപാൽ നമ്പരുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തപാൽ നമ്പർ |
|---|---|
| 17.04.2017 | 2620,2621,2604,2603,2602,2601,2600,2599, 2598,2597,2596,2609,2605 |
| 21.04.2017 | 2728,2727,2720,2725,2721,2722,2734 |
| 24.04.2017 | 2785, 2791 |
| 25.04.2017 | 2797 |
| 28.04.2017 | 2875,28812883,2882 |
| 29.04.2017 | 2892,2890,2889,2894,2893,2900,2898 |
| 15.05.2017 | 3153, 3186, 3161, 3159 |
| 08.08.2017 | 4820, 4825 |

3) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

5) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

6) മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്നതിന്റെയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകിയിട്ടുള്ളതിന്റെയും രേഖകൾ ലഭ്യമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2018 മുതൽ 16.11.2018 വരെ | 9/2018 – 10/2018 | 16.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2012 മുതൽ 22.12.2012 വരെ | 2007-08 മുതൽ 2011-12 വരെ | 20.09.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

നമ്പർ കെ.എസ്.റ്റി.വി.എം/ജി.പി.7/1858/2018 തീയതി 18.09.2018 പ്രകാരം പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ആപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. പഞ്ചായത്ത് പരിധിയിൽ 12

റേഷൻ കടകൾ പ്രവർത്തികുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം 23/22.12.18 നുള്ള മറുപടിയായി ലഭ്യമാക്കിയിച്ചുണ്ട്. 2017-18 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-2 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | സോമൻ | മണക്കല്ല്, ചരുവിള പുത്തൻവീട്, നെല്ലിമൂട് പി.ഒ |
| 2 | ഗോവിന്ദ് രാജ്സെൻ | ശ്രീലങ്കാപുരി, ചെറുന്നിയൂർ.പി.ഒ |
| 3 | ബാജി.എം | വടക്കേ ബംഗ്ലാവ്, മണനാക്ക്, പെരുംകുളം പി.ഒ |
| 4 | നഹാസ്.എ | ബിസ്മില്ല, കുളമുട്ടം പി.ഒ |
| 5 | സുൽഫീക്കർ | തോണിച്ചൽ, പെരുമാത്തുറ |
| 6 | സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട്, വടശ്ശരിക്കോണം |
| 7 | ശ്യാമപ്രസാദ് | കൃഷ്ണ, വടശ്ശരിക്കോണം പി.ഒ |
| 8 | ചിന്തു പ്രസാദ് | കൃഷ്ണ, വടശ്ശരിക്കോണം പി.ഒ |
| 9 | ആർ.മുരളീധരൻ നായർ | മുരളി നഗർ, അമ്പലമുക്ക്, പേരൂർക്കട , തിരുവനന്തപുരം |
| 10 | കേരളീയൻ | റീനാനിവാസ്, വടശ്ശരിക്കോണം പി.ഒ |
| 11 | രാഗേഷ് | ഉഷസ്, എസ്.വി പുരം, വർക്കല |
| 12 | ബാബു.കെ | പേരാംതൊടി, കോട്ടീവൻകോണം, കുനയിൽ, പരവൂർ പി.ഒ |

| | | |
|---|---|---|
| 13 | സനൽ | കല്ലുമടവിൽ, വലയന്റെകുഴി, വെന്നിക്കോട് |
| 14 | പ്രസന്നൻ | ലതാനിവാസ്, മതിരക്കോട്, വടശ്ശേരിക്കോണം പി.ഒ |
| 15 | സി.വിജയൻ | പുലിയത്ത് ഹൗസ്, കാറാത്തല, പാലച്ചിറ പി.ഒ |
| 16 | അഷറഫ് | കടവിളാകം, കണിയാപുരം പി.ഒ തിരുവനന്തപുരം |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.45/26.12.18ന് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ നടത്തിയ കരാറുകാരിൽ നിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല

1999- ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇതിന് വിരുദ്ധമായി ട്യൂട്ടോറിയൽ സ്ഥാപനം പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും എതിരെ ആയിരം രൂപ വരെയുള്ള പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറ് രൂപാ വരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

ചട്ടം 3(2)പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

എന്നാൽ 2017-18 സാമ്പത്തിക വർഷം ട്യൂട്ടോറിയൽ സ്ഥാപനങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല എന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/27.12.18 ന് മറുപടി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 200/- രൂപ വരവുണ്ട്.

ഇത്തരത്തിൽ രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൽ പ്രവർത്തിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

ഇത് സംബന്ധിച്ച് തുടർ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ പരിഗണനയ്ക്ക് വിടുന്നു.

## 2-4 ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരമുള്ള ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010596436 | JYJU GILD | J.G FINANCE | THENGUVILA VEEDU, CP IV/306(B), NEAR CHERUNNIYOOR VILLAGE OFFICE,VARKALA, 4, AMBILICHANTHA, CHERUNNIYOOR |
| 32010556612 | SUKUMARAN | KRISHNA FINANCE | V, V/1017, CHERUNNIYOOR, V, CHERUNNIYOOR, CHERUNNIYOOR |
| 32010512411 | SAHADEVAN | S.S.FINANCE | S.S. FINANCE, CP/IX-163, CHERUNNIYOOR, 9, CHERUNNIYOOR, CHERUNNIYOOR |
| 32010574713 | VELU | VATTAVILA FINANCE | VATTAVILA FINANCE, 206, PANCHAYATH, 10, CHERUNNIYOOR, CHERUNNIYOOR |
| 32010507167 | SURENDRALAL | VISHNU FINANCIRES | B.S.BUILDING, I/224, CHERUNNIYOOR GRAMAPANCHAYATH, I, AYANTHI, VARKALA |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 17/ 22.12.18 ന് രേഖാമൂലമുള്ള അറിയിപ്പ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരമില്ലാത്തത് തനത് വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നു.

ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല

58608/ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/22.12.18 ന് ആസ്തി രജിസ്റ്റർ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഈ വിഷയത്തിൽ സെക്രട്ടറി, ഭരണസമിതി എന്നിവരുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-6 ഭവനനിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീയതി 31.7.17ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**1) 2/ 1 UA,** നാദിയ**,** നാദിയ കോട്ടേജ്

| SL. No | Year | Period | Pro.Tax | LC | TotalTax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 37440 | 1872 | 39312 |
| 2 | 2013-2014 | IInd Half | 37440 | 1872 | 39312 |

| | | | | | |
|---|---|---|---|---|---|
| 3 | 2014-2015 | Ist Half | 37440 | 1872 | 39312 |
| 4 | 2014-2015 | IInd Half | 37440 | 1872 | 39312 |
| 5 | 2015-2016 | Ist Half | 37440 | 1872 | 39312 |
| 6 | 2015-2016 | IInd Half | 37440 | 1872 | 39312 |
| 7 | 2016-2017 | Ist Half | 37440 | 1872 | 39312 |
| 8 | 2016-2017 | IInd Half | 37440 | 1872 | 39312 |
| 9 | 2017-2018 | Ist Half | 37440 | 1872 | 39312 |
| 10 | 2017-2018 | IInd Half | 37440 | 1872 | 39312 |
| ആകെ | | | **374400** | **18720** | **393120** |

2) 12 / 155, ബി.എസ്.എൻ.എൽ

| SL. No | Year | Period | Pro.Tax | LC | Surcharge | Total Tax |
|---|---|---|---|---|---|---|
| 1 | 2011-2012 | Ist Half | 324 | 16 | 108 | 448 |
| 2 | 2011-2012 | IInd Half | 324 | 16 | 108 | 448 |
| 3 | 2012-2013 | Ist Half | 324 | 16 | 108 | 448 |
| 4 | 2012-2013 | IInd Half | 324 | 16 | 108 | 448 |
| 5 | 2013-2014 | Ist Half | 4607 | 231 | 0 | 4838 |
| 6 | 2013-2014 | IInd Half | 4606 | 230 | 0 | 4836 |
| 7 | 2014-2015 | Ist Half | 4607 | 231 | 0 | 4838 |
| 8 | 2014-2015 | IInd Half | 4606 | 230 | 0 | 4836 |
| 9 | 2015-2016 | Ist Half | 4607 | 231 | 0 | 4838 |
| 10 | 2015-2016 | IInd Half | 4606 | 230 | 0 | 4836 |
| 11 | 2016-2017 | Ist Half | 4607 | 231 | 0 | 4838 |
| 12 | 2016-2017 | IInd Half | 4606 | 230 | 0 | 4836 |
| 13 | 2017-2018 | Ist Half | 4607 | 231 | 0 | 4838 |
| 14 | 2017-2018 | IInd Half | 4606 | 230 | 0 | 4836 |
| ആകെ | | | **47361** | **2369** | **432** | **50162** |

**3) 12 / 155A,** ബി.എസ്.എൻ.എൽ

| SL. No | Year | Period | Pro.Tax | LC | Surcharge | Total Tax |
|---|---|---|---|---|---|---|
| 1 | 2010-2011 | IInd Half | 324 | 16 | 108 | 448 |
| 2 | 2011-2012 | Ist Half | 324 | 17 | 108 | 449 |
| 3 | 2011-2012 | IInd Half | 324 | 16 | 108 | 448 |
| 4 | 2012-2013 | Ist Half | 324 | 17 | 108 | 449 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 2012-2013 | IInd Half | 324 | 16 | 108 | 448 |
| 6 | 2013-2014 | Ist Half | 8437 | 422 | 0 | 8859 |
| 7 | 2013-2014 | IInd Half | 8437 | 422 | 0 | 8859 |
| 8 | 2014-2015 | Ist Half | 8437 | 422 | 0 | 8859 |
| 9 | 2014-2015 | IInd Half | 8437 | 422 | 0 | 8859 |
| 10 | 2015-2016 | Ist Half | 8437 | 422 | 0 | 8859 |
| 11 | 2015-2016 | IInd Half | 8437 | 422 | 0 | 8859 |
| 12 | 2016-2017 | Ist Half | 8437 | 422 | 0 | 8859 |
| 13 | 2016-2017 | IInd Half | 8437 | 422 | 0 | 8859 |
| 14 | 2017-2018 | Ist Half | 8437 | 422 | 0 | 8859 |
| 15 | 2017-2018 | IInd Half | 8437 | 422 | 0 | 8859 |
| ആകെ | | | **85990** | **4302** | **540** | **90832** |

4) 14 / 75, ഡിഷ്നെറ്റ്

| SL. No | Year | Period | Pro.Tax | LC | Surcharge | TotalTax |
|---|---|---|---|---|---|---|
| 1 | 2011-2012 | Ist Half | 162 | 8 | 54 | 224 |
| 2 | 2011-2012 | IInd Half | 162 | 8 | 54 | 224 |
| 3 | 2012-2013 | Ist Half | 162 | 8 | 54 | 224 |
| 4 | 2012-2013 | IInd Half | 162 | 8 | 54 | 224 |
| 5 | 2013-2014 | Ist Half | 12680 | 634 | 0 | 13314 |
| 6 | 2013-2014 | IInd Half | 12680 | 634 | 0 | 13314 |
| 7 | 2014-2015 | Ist Half | 12680 | 634 | 0 | 13314 |
| 8 | 2014-2015 | IInd Half | 12680 | 634 | 0 | 13314 |
| 9 | 2015-2016 | Ist Half | 12680 | 634 | 0 | 13314 |
| 10 | 2015-2016 | IInd Half | 12680 | 634 | 0 | 13314 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 2016-2017 | Ist Half | 12680 | 634 | 0 | 13314 |
| 12 | 2016-2017 | IInd Half | 12680 | 634 | 0 | 13314 |
| 13 | 2017-2018 | Ist Half | 12680 | 634 | 0 | 13314 |
| 14 | 2017-2018 | IInd Half | 12680 | 634 | 0 | 13314 |
| ആകെ | | | **127448** | **6372** | **216** | **134036** |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 55/ 28.12.18 ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള റവന്യൂ നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് മറുപടി ലഭിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും വരുമാന വർദ്ധനവിന് ആവശ്യമായ മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 സ്വകാര്യ ഫാമുകൾ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന സ്വകാര്യ ഫാമുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| ഡയറി ഫാം | 10 |
| ഗോട്ട് ഫാം | 1 |
| മുട്ടക്കോഴി | 3 |
| ഇറച്ചി ക്കോഴി | 1 |

ഈ ഫാമുകൾക്ക് 2017-18 സാമ്പത്തിക വർഷം ലൈസൻസ് നൽകിയിട്ടുള്ളതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.54/28.12.18ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരമുള്ള എല്ലാ സ്വകാര്യ ഫാമുകൾക്കും രേഖാമൂലം അറിയിപ്പ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-9 വളർത്തു നായ്ക്കളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ചട്ടം 4(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന തീയതിക്ക് മുൻപായി പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

1) 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 620/- (62x10) രൂപ വരവുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിലെ വരവ് 390/- (39 x 10) രൂപയാണ് . 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത 62 എണ്ണത്തിൽ 39 എണ്ണത്തിനു മാത്രമാണ് 2017-18 ലൈസൻസ് പുതുക്കിയിട്ടുള്ളത്.

2) മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ വളർത്തു നായ്ക്കളുടെ എണ്ണം 1200 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 750 എണ്ണം ലൈസൻസ് ഉള്ളവയായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 39 എണ്ണത്തിനു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

3) ഈ ഇനത്തിൽ ലഭിച്ച അപേക്ഷകൾ, വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായും ലൈസൻസ് കാലാവധി രേഖപ്പെടുത്തി അവ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള വളർത്ത് നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിന് ബോധവൽക്കരണം നടത്തുവാനും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഈ ഇനത്തിൽ ലൈസൻസ് ഫീസായി പഞ്ചായത്തിനു ലഭിക്കേണ്ടതായ തുക പൂർണ്ണമായും ഈടാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## **2-10** സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

മേൽ ചട്ടങ്ങൾ പ്രകാരം 2017-18 ൽ രജിസ്ട്രേഷൻ നടത്തിയവയിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്

1)

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 8/ 151 | ലൈഫ് കെയർ ലബോറട്ടറി | പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി നൽകിയിട്ടുള്ള അപേക്ഷയിൽ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തീയതി 5.1.17 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് |

| | | | |
|---|---|---|---|
| | | | 31.1.2017 ലാണ്. |
| 2 | II / 83 | ഫോക്കസ് ഡയഗ്ണോസ്റ്റിക്ക് | പുതുക്കുന്നതിനുള്ള അപേക്ഷ 12.4.17 ലാണ് നൽകിയിട്ടുള്ളത്. |
| 3 | II / 510 | ആർ.വി ഫിസിയോതെറാപ്പി & റീഹാബിലിറ്റേഷൻ സെന്റർ | പുതുക്കുന്നതിനുള്ള അപേക്ഷ 17.4.17 ലാണ് നൽകിയിട്ടുള്ളത്. |
| 4 | IX / 17 | മദർ ക്ലീനിക്കൽ ലബോറട്ടറി | അപേക്ഷയിൽ ഡോക്ടർമാരുടെ എണ്ണം, മറ്റ് ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

2) അപേക്ഷകളിൽ ഫോറം 1 ൽ അപേക്ഷ ലഭിച്ച തീയതി, രജിസ്ട്രേഷൻ ഫീസ് അടച്ചിട്ടുണ്ടോ ഇല്ലയോ എന്ന വിവരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ ഇല്ലയോ എന്ന വിവരം എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ചട്ട പ്രകാരം ഫോറം 2ലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അപേക്ഷ തീയതി | തുക ഒടുക്കിയ വിവരം (രജിസ്റ്റർ പ്രകാരം) |
|---|---|---|
| വി.ആർ ആശുപത്രി | 29.3.17 | 117050100385 / 2.5.17 |
| ഫോക്കസ് ഡയഗ്ണോസ്റ്റിക്ക് | 12.4.17 | 117050100490 / 11.5.17 |
| ആർ.വി ഫിസിയോതെറാപ്പി | 17.4.17 | 117050100832 / 19.6.17 |
| മദർ ക്ലിനിക്കൽ ലബോറട്ടറി | 9.2.17 | 117050100881 / 27.6.17 |

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ കൃത്യമായും പാലിച്ച് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 ലേലം ചെയ്ത് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

2017-18 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന ലേലങ്ങൾ ശ്രീ.കെ.രാമദാസ്, വാറ്റുവിളവീട്, താന്നിമൂട്, ചെറുന്നിയൂർ എന്നയാൾക്ക് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1) വെന്നിക്കോട് സാംസ്കാരിക നിലയം തെങ്ങുകളിൽ നിന്നുള്ള മേലാദായം.

2) താന്നിമൂട് ലക്ഷം വീട് കോളനിയിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം.

3) മുട്ടപ്പാട് അംഗൻവാടിയിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം.

4) ചാണിക്കൽ കോളനി തെങ്ങുകളിൽ നിന്നുള്ള മേലാദായം.

5) അയന്തി അംഗൻവാടി തെങ്ങുകളിൽ നിന്നുള്ള മേലാദായം.

6) കല്ലുമലക്കുന്ന് അഗ്രോ സെന്റർ ഫലവൃക്ഷ മേലാദായം.

7) ഗവ.എം.എൽ.പി.എസ് ലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം.

8) ഗവ.എൽ.പി.എസ് ലെ പുളി, തെങ്ങ് എന്നിവയിലെ ആദായം.

എന്നാൽ ഇതുമായി ബന്ധപെട്ട ഫയൽ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം ഈ ഇനങ്ങൾ ലേലം ചെയ്ത് നൽകിയിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/ 24.12.18 ന് മേൽ ലേലങ്ങൾ 2015-16 സാമ്പത്തിക വർഷം 3 വർഷത്തേക്ക് ലേലം ചെയ്ത് നൽകിയിട്ടുള്ളതാണെന്നും സെക്ഷൻ ക്ലർക്കിന് ഈ വിവരം

അറിയാൻ കഴിയാതിരുന്നത് മൂലമാണ് വീണ്ടും ലേലത്തിന് ഉൾപ്പെട്ടതെന്നും ശ്രീ.കെ.രാമദാസ്, വാറുവിളവീട്, താന്നിമൂട്, ചെറുന്നിയൂർ എന്നയാൾ ഓഫീസിലെത്തി രേഖകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇയാൾക്കു തന്നെ നൽകുകയും ചെയ്തു എന്നുമാണ് മറുപടി ലഭിച്ചത്.

24.3.17 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 2(4)നമ്പർ തീരുമാനപ്രകാരം ശ്രീ.കെ.രാമദാസ് , വാറുവിളവീട്, താന്നിമൂട്, ചെറുന്നിയൂർ എന്നയാൾ 24.3.17 തീയതിയിലെ 2164/2017 നമ്പരായി സമർപ്പിച്ച കത്തിൽ മേൽ പറഞ്ഞ ലേലങ്ങൾ 2018 വരെ താൻ ലേലം കൊണ്ടതാണെന്നും 25.5.2015 ലാണ് ലേലം കൊണ്ടതെന്നും അറിയിച്ചിട്ടുണ്ടെന്നും ഇത് പ്രകാരം ഓഫീസിലെ രേഖകൾ പരിശാധിച്ച് വ്യക്തത വരുത്തിയ ശേഷം മാത്രം ടി ലേലങ്ങളുടെ തുടർ നടപടികൾ സ്വീകരിച്ചാൽ മതി എന്ന് കമ്മിറ്റി ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. 12.6.17 ലെ 11(1) തീരുമാനപ്രകാരം മേൽ പറഞ്ഞവയിൽ ക്രമ നം 1 മുതൽ 6 വരെയുള്ള ഇനങ്ങളുടെ ലേലം മൂന്ന് വർഷത്തെ കാലയളവ് നൽകിയാണ് ലേലം നടത്തി വരുന്നതെന്നും ആയതിനാൽ മേൽപ്പറഞ്ഞ ഫലവൃക്ഷങ്ങളുടെ മേലാദായം ലേലം നൽകേണ്ടതില്ല എന്നും ലേലം ഒഴിവാക്കുന്നതിനും കമ്മിറ്റി ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 12/2/15 ലെ A4-883/2015 നമ്പർ ലേല നോട്ടീസ് പ്രകാരം ഈ ഇനങ്ങൾക്ക് 1.4.15 മുതൽ 31.3.16 വരെയുള്ള മേലാദായം എടുക്കുന്നതിനാണ് ലേലം വിളിച്ചിട്ടുള്ളത്. ഇത് പ്രകാരമാണ് ലേലം നടന്നിട്ടുള്ളത്. മേൽ പറഞ്ഞ ഇനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വെന്നിക്കോട് സാംസ്കാരിക നിലയം തെങ്ങുകളിൽ നിന്നുള്ള മേലാദായം | 575 |
| 2 | താന്നിമൂട് ലക്ഷം വീട് കോളനിയിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം | 1025 |
| 3 | മുട്ടയ്ക്കാട് അംഗൻവാടിയിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം | 300 |
| 4 | ചാണിക്കൽ കോളനി തെങ്ങുകളിൽ നിന്നുള്ള മേലാദായം | 1075 |
| 5 | അയന്തി അംഗൻവാടി തെങ്ങുകളിൽ നിന്നുള്ള മേലാദായം | 375 |
| 6 | കല്ലുമലക്കുന്ന് അഗ്രോ സെന്റർ ഫലവൃക്ഷ മേലാദായം | 350 |
| 7 | ഗവ.എം.എൽ.പി.എസ് ലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 1350 |
| 8 | ഗവ.എൽ.പി.എസ് ലെ പുളി, തെങ്ങ് എന്നിവയിലെ ആദായം | 1100 |

മേൽ ഇനങ്ങളിലുള്ള ലേലങ്ങൾ 3 വർഷത്തേക്ക് നൽകിയിട്ടുള്ളതിന്റെ രേഖകൾ (കമ്മിറ്റി തീരുമാനമുൾപ്പെടെ) യാതൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ശുപാർശ ചെയ്യുന്നു.

## 2-12 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിററ് ഇനത്തിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു

| ഇനം (കോഡ്) | 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് |
|---|---|---|---|---|
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിററ് (340100201) | 6600 | 6600 | 12050 (6600+8000-2550) | 17800 (12050+5750) |
| കോൺട്രാക്ടേഴ്സ് റീട്ടെൻഷൻ (340100301) | 32544 | 46791 (32544+14247) | 46791 | 22357 (46791-24434) |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിററ് (340100202) | 13625 | 1125 (13625-12500) | 18525 (1125+17400) | 24775 (18525+16250-10000) |
| സപ്ലയേഴ്സ് ഇ.എം.ഡി (340100102) | 13500 | 9750 (13500-3750) | 6800 (9750-6000+3050) | 54150 (6800+49350-2000) |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 28/ 22.12.18ന് മേൽ തുകകൾ യാതൊന്നും പഞ്ചായത്തിൻ മുതൽക്കൂട്ടിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്.

## 2-13 മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 ഡബ്ല്യൂ (1)(എ) പ്രകാരം സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക്ക് സഞ്ചികളുടെയും പ്ലാസ്റ്റിക്ക് കവറുകളുടെയും ഏറ്റവും കുറഞ്ഞവില വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ ഏതൊരു സ്ഥാപനമോ വ്യക്തിയോ വിൽക്കുകയോ നൽകുകയോ ചെയ്യുവാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്. സെക്ഷൻ 219 ഡബ്ല്യൂ (1)(ബി) പ്രകാരം 232-ാം വകുപ്പ് പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക്ക് സഞ്ചിയോ പ്ലാസ്റ്റിക്ക് കവറുകളോ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമേ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചികളുടെയും പ്ലാസ്റ്റിക്ക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് അങ്ങനെയുള്ള ഒരു നിശ്ചിത തുക അധിക

ഫീസായി ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

സെക്ഷൻ 219 എക്സ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി, ഗ്രാമപഞ്ചായത്ത് " മാലിന്യ നിർമ്മാർജ്ജന ഫണ്ട്" എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ 219 ഡബ്ല്യൂ വകുപ്പിന്റെ (1)- ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡിക പ്രകാരം ഈടാക്കാവുന്ന അധിക ഫീസ്, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ, ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

എന്നാൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുകയോ ഫണ്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

## 2-14 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ പറയുന്ന തുകകൾ അഡ്വാൻസ് നൽകിയിട്ടുള്ളത് ക്രമീകരിക്കുവാനുള്ളതായി കാണുന്നു.

| കോഡ് നം | ഇനം | തുക |
|---|---|---|
| 460500501 | Advance to implementing officers | 23776 |
| 460509901 | Advance to others | 18224 |
| ആകെ | | 42000 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.60/ 28.12.18 ന് കേരളോത്സവവുമായി ബന്ധപെട്ട ചെലവിന് advance to others എന്ന ഹെഡിൽ നിന്നും അഡ്വാൻസായി നൽകിയ 18,224/- രൂപ advance to implementing officers എന്ന ഹെഡിൽ തെറ്റായി ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ advance to others എന്ന ഹെഡിൽ ക്രമീകരിക്കുവാൻ ബാക്കി യാതൊന്നും ഇല്ലന്നും മറുപടി ലഭിച്ചു.

എന്നാൽ advance to implementing officers എന്ന ഹെഡിൽ 2016-17 സാമ്പത്തിക വർഷം നവകേരള മിഷനുമായി ബന്ധപ്പെട്ട ചെലവിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക നൽകിയ 42,000/- രൂപ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. ഇതുമായി ബന്ധപെട്ട അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 2-15 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷം ഡി & ഒ ലൈസൻ എടുത്ത സ്ഥാപനങ്ങളിൽ ചുവടെ പറയുന്നസ്ഥാപനങ്ങൾ 2017-18 ൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ് നം | പേര്, വിലാസം | സ്ഥാപനം |
|---|---|---|---|
| 1 | VI / 348, 348A, 348B, 348C, 348D | സബീർ, ഷാജിനവാസ് മൻസിൽ, പറകുന്ന് | കാഷ്യൂ പ്രോസസിംഗ് |

| | | | |
|---|---|---|---|
| 2 | II / 230 | അൻസിൽ, വയലിൽ വീട്, കണ്ണാട്ടുകട | വർക്ക്ഷോപ്പ് |
| 3 | III / 13 | ജയപ്രകാശിനി, ജയാലയം, വടശ്ശേരിക്കോണം | ഫ്ലവർമിൽ |
| 4 | II / 507 | ദീപു, മീമ്പാട്ട് വീട്, കവലയൂർ | കമ്പ്യൂട്ടർ സെയിൽസ്, സർവ്വീസ് |
| 5 | II / 255 | ഫിറോസ് ഖാൻ, ദാറുൽ നിയാം, പാലച്ചിറ | പെയിന്റ്, ഗ്ലാസ്, പ്ലൈവുഡ് വിൽപന |
| 6 | IX / 2 | സുരേഷ് കുമാർ, കാർത്തിക, ചെറുന്നിയൂർ | കാർത്തിക ബേക്കറി |
| 7 | VII / 31 | രാജു, ശ്രീകൃഷ്ണവിലാസം, ചെറുന്നിയൂർ | ശ്രീകൃഷ്ണസ്റ്റോർ |
| 8 | II / 102A | ജലാലുദീൻ, വാഴവിലവീട്, പാലച്ചിറ | സലാല ബേക്കറി |
| 9 | II / 95 | പ്രിൻസ് / ദീപൻ , പ്രിയാഭവൻ, ശ്രീനിവാസപുരം, വർക്കല | ഇലക്ട്രിക്ക് സാധനങ്ങൾ |
| 10 | III / 292B | ഷാജു, ജെ.കെ മൻസിൽ, വടശ്ശേരിക്കോണം | ഗ്രാനേറ്റ്, മാർബിൾസ്, ടൈൽസ്, സാനിട്ടറി |
| 11 | III / 343 | ഷാനവാസ്, ഷിവാസ്, വടശ്ശേരിക്കോണം | ഡി.റ്റി.പി സെന്റർ |
| 12 | IX / 9 | ഷാജി, രാധാമന്ദിരം, ചെറുന്നിയൂർ | മെഡിക്കൽ സ്റ്റോർ |
| 13 | IX / 337 | രാജു, കോട്ടാച്ചിവിള, അയിരൂർ | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 14 | X / 411 | തങ്കപ്പൻ, വട്ടവിളവീട്, ചെറുന്നിയൂർ | പലചരക്ക് കച്ചവടം |
| 15 | XII / 63 | തങ്കമണി, പ്ലാവിള വീട്, അകത്തുമുറി | പലചരക്ക് & ബേക്കറി |
| 16 | VII / 318 | വിശ്വംഭരൻ, നാരായണമന്ദിരം, ദളവാപുരം, ചെറുന്നിയൂർ | വി.ബി.എസ് സ്റ്റോർ |

| | | | |
|---|---|---|---|
| 17 | VIII / 435C | ബിപിൻ കുമാർ.ആർ.എസ്, ആർ.എസ് നിവാസ്, പുത്തൻചന്ത, വർക്കല | എൽ.പി.ജി ഗ്യാസ് സിലിണ്ടർ ഗോഡൗൺ |
| 18 | XIII / 261C | ജോഷി, ഒലിപ്പുവിലവീട്, വെന്നിക്കോട് | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 19 | VIII / 152A | രാജേന്ദ്രപ്രസാദ്, സരോജിനിഭവൻ, ചെറുന്നിയൂർ | ഫോട്ടോസ്റ്റാറ്റ് & ബേക്കറി |
| 20 | III / 285 | ബേബി ഗിരിജ, കടയിൽ വീട്, കാറാത്തല | പച്ചക്കറി കച്ചവടം |
| 21 | II / 325 | ഷറഹബിൻ, താജിന്നിസമൻസിൽ, വടശ്ശേരിക്കോണം | പഴവർഗ്ഗങ്ങൾ വിൽക്കുന്നതിന് |
| 22 | XIII / 217 | ജഗദൻ, മൂലയിൻവീട്, ചെറുന്നിയൂർ | ട്വിൻസ് ബേക്കറി |
| 23 | IX / 44 | ശുഭ ശശിധരൻ നായർ, ശ്രീഗീതം, എൻ.പി വിള, വർക്കല | ശ്രീരാഗ് സ്റ്റോഴ്സ് |
| 24 | XIV / 95 | തുളസീധരൻ, ടി.വി ഹൗസ്, കല്ലുമലക്കുന്ന് | തുളസീധര സ്റ്റോർ |
| 25 | VI / 259C | നസീർ ഖാൻ, സഫാഗാർഡൻ, പാലച്ചിറ | ട്രാവൻകൂർ സോപ്പ്സ് |
| 26 | IX / 355 | ബാബു, പനവിളാകം, മുടിയക്കോട്, ചെറുന്നിയൂർ | എ.എസ് സ്റ്റോർ |
| 27 | VII / 29 | മോഹൻദാസ്, മനോജ് ഭവൻ, ചെറുന്നിയൂർ | ബാർബർഷോപ്പ് |
| 28 | IX / 67 | പ്രഭാദാസ്, അനിഴം, ചെറുന്നിയൂർ | സ്റ്റേഷനറി |
| 29 | VIII / 25B | അബ്ദുൾ കരീം.എം, ഷിബി മൻസിൽ, ചെറുന്നിയൂർ | ചായക്കട |
| 30 | IX / 330 | ജോഷി, ഗോകുലം, അയിരൂർ | ബിൽഡിംഗ് കൺസ്ട്രക്ഷൻ |

| | | | |
|---|---|---|---|
| 31 | IX / 332 | അജിത് കുമാർ.വി, കോണത്ത് വീട്, കണ്ണംബ, വർക്കല | അരുൺ എഞ്ചിനിയറിംഗ് വർക്ക്സ് |
| 32 | V / 282 | സ്മിതാദാസ്, പുളിവിള പുത്തൻവീട്, മുടിയക്കോട്, ചെറുന്നിയൂർ | റൈസ് മിൽ |
| 33 | II / 16G | ഷറഫുദീൻ, സനം പാലച്ചിറ | സ്റ്റേഷനറികട |
| 34 | VI / 160D | റോജൻ, കാഞ്ഞിരംവിളവീട്, പേരേറ്റിൽ, മൂങ്ങോട് | വർമ്മാസ് എന്റർപ്രൈസസ് |
| 35 | II / 16D | മുഹമ്മദ് സിദ്ധിക്ക്, ആമിനാസ്, പെരുങ്കുളം, തൊട്ടിക്കല്ല് | പലചരക്ക് വ്യാപാരം |
| 36 | III / 350 | അക്ബർ ഖാൻ, മലവിളവീട്, വടശ്ശേരിക്കോണം | ഷബ്നം എഞ്ചിനിയറിംഗ് വർക്ക്സ് |
| 37 | IX / 4 | അബ്ദുൾ സത്താർ, വിലയിൽവീട്, മുട്ടപ്പലം | പഴവർഗ്ഗങ്ങൾ വിൽപ്പനയ്ക്ക് |
| 38 | - | ബാദ്ഷാ.എസ്.റ്റി, ചരുവിളപുത്തൻവീട്, വടശ്ശേരിക്കോണം | ബ്യൂട്ടി പാർലർ |
| 39 | IV / 285A | ഷിബ, ,ഷിജോ നിവാസ്, തെറ്റിക്കുളം | മഹാദേവ സ്റ്റോർ |
| 40 | II / 126D | ഓമന, കാട്ടുവിളവീട്, മേൽവെട്ടൂർ | പച്ചക്കറി കച്ചവടം |
| 41 | VIII / 246 | എൻ.ഗോപാലകൃഷ്ണൻ ചെട്ടിയാർ, കുഴിവിളവീട്, ചെറുന്നിയൂർ | പ്രിന്റിംഗ് പ്രസ്സ് |
| 42 | II / 12H | നസീർ, കാഞ്ഞിരംവിളവീട്, കല്ലമ്പലം | എസ്.എസ് സ്റ്റോർ |
| 43 | XIII / 213 | ബിജുലാൽ, പി.കെ മന്ദിരം, വെന്നിക്കോട് | കെ.എൻ.ബി ബേക്കറി |
| 44 | VIII / 191 | നാസർ, മൻഡാമൻസിൽ, വടശ്ശേരിക്കോണം | നിഹാഫാത്തിമ (ഭക്ഷണശാല) |

| | | | |
|---|---|---|---|
| 45 | VII / 279 | പ്രസിഡന്റ് / സെക്രട്ടറി | ഗോകുലം പുരുഷ സഹായ സംഘം |
| 46 | II / 42C | ശ്രീകുമാർ, ശ്രീനികേതൻ, പാലച്ചിറ | എം.എസ് സ്റ്റീൽസ് |
| 47 | VII / 27 | ചെല്ലപ്പൻ ചെട്ടിയാർ, ശ്രീനന്ദനം, ചെറുന്നിയൂർ | ശ്രീഷ്മ സ്റ്റോർ |
| 48 | I / 321 | ദിലീപ്കുമാർ, ശങ്കരവിലാസം, കിടാവത്തുവിള, പാലച്ചിറ | ചായകച്ചവടം |
| 49 | VI / 107 | നസീർഖാൻ, പ്രിയംഭവൻ | സോപ്പ് മാന്യുഫാക്ചർ |
| 50 | II / 323 | താജുന്നിസ, താജുന്നിസ മൻസിൽ, വടശ്ശേരിക്കോണം | ടെക്സ്റ്റെയിൽസ് |

വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപെട്ട ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-16 അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല – രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു.

ചുവടെ പറയുന്ന യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല. കൂടാതെ ഈ സ്ഥാപനം 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല.

| ബിൽഡിംഗ് ഐ.ഡി | ഡോർ നം | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 50230010011619 | 12/2/UA/2016 | R SHAJI | SR Medical College |
| 50230010011620 | 12/3/UA/2016 | R SHAJI | SR Medical College |
| 50230010011621 | 12/4/UA/2016 | R SHAJI | SR Medical College |
| 50230010011622 | 12/5/UA/2016 | R SHAJI | SR Medical College |
| 50230010011624 | 12/6/UA/2016 | R SHAJI | SR Medical College |

50230010011619

| SL. No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 206064 | 10304 | 216368 |
| 2 | 2013-2014 | IInd Half | 206064 | 10303 | 216367 |
| 3 | 2014-2015 | Ist Half | 206064 | 10304 | 216368 |

| | | | | | |
|---|---|---|---|---|---|
| 4 | 2014-2015 | IInd Half | 206064 | 10303 | 216367 |
| 5 | 2015-2016 | Ist Half | 206064 | 10304 | 216368 |
| 6 | 2015-2016 | IInd Half | 206064 | 10303 | 216367 |
| 7 | 2016-2017 | Ist Half | 206064 | 10304 | 216368 |
| 8 | 2016-2017 | IInd Half | 206064 | 10303 | 216367 |
| 9 | 2017-2018 | Ist Half | 206064 | 10304 | 216368 |
| 10 | 2017-2018 | IInd Half | 206064 | 10303 | 216367 |

50230010011620

| SL. No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 141864 | 7094 | 148958 |
| 2 | 2013-2014 | IInd Half | 141864 | 7093 | 148957 |
| 3 | 2014-2015 | Ist Half | 141864 | 7094 | 148958 |
| 4 | 2014-2015 | IInd Half | 141864 | 7093 | 148957 |
| 5 | 2015-2016 | Ist Half | 141864 | 7094 | 148958 |
| 6 | 2015-2016 | IInd Half | 141864 | 7093 | 148957 |
| 7 | 2016-2017 | Ist Half | 141864 | 7094 | 148958 |
| 8 | 2016-2017 | IInd Half | 141864 | 7093 | 148957 |
| 9 | 2017-2018 | Ist Half | 141864 | 7094 | 148958 |
| 10 | 2017-2018 | IInd Half | 141864 | 7093 | 148957 |

50230010011621

| SL. No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 67067 | 3354 | 70421 |
| 2 | 2013-2014 | IInd Half | 67066 | 3353 | 70419 |
| 3 | 2014-2015 | Ist Half | 67067 | 3354 | 70421 |
| 4 | 2014-2015 | IInd Half | 67066 | 3353 | 70419 |
| 5 | 2015-2016 | Ist Half | 67067 | 3354 | 70421 |
| 6 | 2015-2016 | IInd Half | 67066 | 3353 | 70419 |
| 7 | 2016-2017 | Ist Half | 67067 | 3354 | 70421 |
| 8 | 2016-2017 | IInd Half | 67066 | 3353 | 70419 |
| 9 | 2017-2018 | Ist Half | 67067 | 3354 | 70421 |

| | | | | | |
|---|---|---|---|---|---|
| 10 | 2017-2018 | IInd Half | 67066 | 3353 | 70419 |

50230010011622

| SL. No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 1320 | 66 | 1386 |
| 2 | 2013-2014 | IInd Half | 1320 | 66 | 1386 |
| 3 | 2014-2015 | Ist Half | 1320 | 66 | 1386 |
| 4 | 2014-2015 | IInd Half | 1320 | 66 | 1386 |
| 5 | 2015-2016 | Ist Half | 1320 | 66 | 1386 |
| 6 | 2015-2016 | IInd Half | 1320 | 66 | 1386 |
| 7 | 2016-2017 | Ist Half | 1320 | 66 | 1386 |
| 8 | 2016-2017 | IInd Half | 1320 | 66 | 1386 |
| 9 | 2017-2018 | Ist Half | 1320 | 66 | 1386 |
| 10 | 2017-2018 | IInd Half | 1320 | 66 | 1386 |

50230010011624

| SL. No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 205487 | 10275 | 215762 |
| 2 | 2013-2014 | IInd Half | 205486 | 10274 | 215760 |
| 3 | 2014-2015 | Ist Half | 205487 | 10275 | 215762 |
| 4 | 2014-2015 | IInd Half | 205486 | 10274 | 215760 |
| 5 | 2015-2016 | Ist Half | 205487 | 10275 | 215762 |
| 6 | 2015-2016 | IInd Half | 205486 | 10274 | 215760 |
| 7 | 2016-2017 | Ist Half | 205487 | 10275 | 215762 |
| 8 | 2016-2017 | IInd Half | 205486 | 10274 | 215760 |
| 9 | 2017-2018 | Ist Half | 205487 | 10275 | 215762 |
| 10 | 2017-2018 | IInd Half | 205486 | 10274 | 215760 |

ഈ വിഷയവുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 66/29.12.18 ന് മറുപടിയായി മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും ആയത് ഒടുക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി പ്രകാരം ജപ്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥാപനവും പഞ്ചായത്തും തമ്മിൽ ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. (യു.എ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല). തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-17 ഓഡിറ്റ് ഇംപാക്ട്

2017-18 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ടായിരുന്നു.

| സ്ഥാപനം | പേര്, സ്ഥാനപേര് | രണ്ടാം അർദ്ധവർഷ ആകെ വരുമാനം (പത്രിക പ്രകാരം) | ഒടുക്കിയ തുക | ഒടുക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| ബീച്ച് സാൻഡ് മൈൻസ് | കലേഷ്,ലേബർ | 47160 | 300 | 450 | 150 |
| | ബിജിൻ,ലേബർ | 38999 | 180 | 300 | 120 |

ഓഡിറ്റ് എൻക്വയറി നം 42/26.12.18 പ്രകാരം ഇതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൻ മേൽ ജീവനക്കാർ ഒടുക്കുന്നതിൽ കുറവു വന്ന 270/- രൂപ പിഴപ്പലിശ സഹിതം 26.12.18 ലെ 118050103787 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സംയുക്ത പ്രോജക്ടുകൾ– സർക്കാർ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | പത്രികകൾ തയ്യാറാക്കിയിട്ടില്ല |
| സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടി ക്രമം പാലിച്ചിട്ടില്ല |
| മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് | നടപടി ക്രമം പാലിച്ചിട്ടില്ല |

| | |
|---|---|
| തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | |
| സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ചർ അക്കൗണ്ട് സൂക്ഷിക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | നടപടി ക്രമം പാലിച്ചിട്ടില്ല |
| നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നടപടി ക്രമം പാലിച്ചിട്ടില്ല |

സംയുക്ത പ്രോജക്ടുകൾ പൂർണ്ണമായും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതാണ്.

## 3-2 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ 24.2.17 ലെ 3ാം നമ്പർ തീരുമാനം |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | 10.02.17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017 ജനുവരി 25-ന് മുൻപ് | സ്റ്റാന്റിംഗ് കമ്മറ്റികൾ ചെർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 20.03.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 30.05.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 20.3.2017 ലെ 1 ാം നമ്പർ തീരുമാനം |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | 25/3/2017 ലെ 1ാം നമ്പർ തീരുമാനം |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. കരട് പ്രൊപ്പോസലുകൾ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേർന്നിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചെങ്കിലും ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 2501001 | 232000 | 375200 |
| 2 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 2501002 | 0 | 760550 |
| 3 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 0 | 50000 |
| 4 | മൃഗസംരക്ഷണം - ആട് വളർത്തൽ | 2501032 | 0 | 580000 (320000+260000) |
| 5 | മൃഗസംരക്ഷണം - കന്നുകുട്ടി പരിപാലനം | 2501034 | 0 | 306000 (181000+125000) |
| 6 | മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 2501039 | 0 | 100000 |
| 7 | മൃഗസംരക്ഷണം - അനുബന്ധ സൗകര്യങ്ങൾ | 2501041 | 0 | 177435 |
| 8 | ക്ഷീരവികസനം - സംഭരണവും വിപണനവും | 2501046 | 150000 | 322680 |
| 9 | ക്ഷീരവികസനം - പശ്ചാത്തല സൗകര്യങ്ങൾ | 2501048 | 0 | 188361 (180000+8361) |
| 10 | ഉൾനാടൻ മത്സ്യകൃഷി | 2501052 | 0 | 19066 |
| 11 | ചെറുകിട ജലസേചനം - വ്യക്തിഗതം | 2502004 | 0 | 50000 |

| | | | | |
|---|---|---|---|---|
| 12 | സേവന സംരംഭങ്ങൾ | 2503015 | 0 | 250000 |
| 13 | സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 2511006 | 850000 | 1000000 (650000+350000) |
| 14 | വൈദ്യുതീകരണം | 2513004 | 0 | 301750 |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പരിപാടികൾ | 2513006 | 200000 | 925974 (845524+80450) |
| 16 | അഗതി ക്ഷേമ പരിപാടികൾ | 2513007 | 0 | 200000 |
| 17 | ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി | 2513013 | 0 | 1626352 |

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനും ആയിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം യഥാസമയം ലഭ്യമാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയിട്ടുള്ളതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ടി പദ്ധതികൾ പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി | ഏജൻസി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|---|
| 1 | 17/18 (തെരുവ് വിളക്കിനായി വൈദ്യുതലൈൻ ദീർഘിപ്പിക്കൽ) -സ്പിൽ ഓവർ | 2,00,000/- | 1,98,475/- | 14/17-18 03.10.2017 | KSEB | ഇല്ല | സെക്രട്ടറി |
| 2 | 138/18 (തെരുവ് വിളക്ക് ലൈൻ | 3,73,000/- | 3,01,750/- | 25/17-18 | KSEB | ഇല്ല | സെക്രട്ടറി |

| | | | | | | | |
|---|---|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ) | | | 05.01.2018 | | | |
| 3 | 141/18 (കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ) | 10,72,728/- | 1,00,000/- | 24/17-18 09.01.2017 | KWA | 55,189/- | സെക്രട്ടറി |
| 4 | 135/18 കന്നുക്കുട്ടി പരിപാലനം (ജനറൽ) | 5,00,000/- വികസനഫണ്ട് -1,25,000/- സംസ്ഥാനാനിഷ്ഠത ഫണ്ട്- 1,25,000/- ഗുണഭോക്തൃ വിഹിതം -2,50,000/- | 1,25,000/- (വികസന ഫണ്ട്) | 6/17-18 16.01.2018 | എസ്.എൽ.ബി.പി ഡയറക്ടർ | 2,520/- | വെറ്ററിനറി സർജൻ |
| 5 | 135/18 കന്നുക്കുട്ടി പരിപാലനം (എസ്.സി.പി.) | 5,00,000/- വികസനഫണ്ട്- 1,25,000/- സംസ്ഥാനാനിഷ്ഠത ഫണ്ട്- 1,25,000/- ഗുണഭോക്തൃ വിഹിതം -2,50,000/- | 1,25,000/- (വികസന ഫണ്ട്) | 1/17-18 26.10.2017 | എസ്.എൽ.ബി.പി ഡയറക്ടർ | 25,894/- | വെറ്ററിനറി സർജൻ |

വിവിധ പദ്ധതികൾക്കായി ഒടുക്കുന്ന തുക നിശ്ചിതസമയത്തിനകം ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം യഥാസമയം ലഭ്യമാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ മേൽ പദ്ധതികൾ പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ ശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു

| 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് |
|---|---|---|---|
| 1440 | 1440 | 1440 | 289440 |

ഗുണഭോക്തൃ വിഹിതമിനത്തിൽ നിലനിൽക്കുന്ന തുകകൾ സംബന്ധിച്ച വിശദാംശം (പ്രോജക്ട്, വർഷം ഉൾപ്പെടെ), ബാക്കി നിൽക്കുന്നതിനുള്ള കാരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/24.12.18ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുകയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ തുക ചെലവഴിക്കാതെ ശേഷിക്കുന്നതിനെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണഉദ്യോഗസ്ഥർ എന്നിവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 കറവപശു വളർത്തൽ പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല

a) പ്രോജക്ട് നം - 167/18, കറവപശു ജനറൽ

അടങ്കൽ തുക – 800000/-
(500000/-ബാങ്ക് ലോൺ,
300000/- വി.ഫ)

ചെലവ് തുക – 300000/-

ബിൽ നം , തീയതി - 7/17-18, 9.2.18, 250000/-
9/14.3.18, 50000/-

b) പ്രോജക്ട് നം - 165/18, കറവപശു (പട്ടികജാതി)

അടങ്കൽ തുക – 700000/-
(420000/-ബാങ്ക് ലോൺ,
280000/- വി.ഫ)

ചെലവ് തുക – 280000/-

ബിൽ നം , തീയതി - 10/17-18, 14.3.18, 180000/-
8/ 12.2.18, 100000/-

1) ക്രമ നം 1, 2 പദ്ധതികളിൽ സബ്സിഡി തുക യഥാക്രമം 15000/-, 20000/- എന്നീ ക്രമത്തിൽ 20, 14 ഗുണഭോക്താക്കൾക്ക് വീതം 3,00,000/- രൂപ , 2,80,000/- രൂപ വികസന ഫണ്ടും ബാങ്ക് ലോൺ യഥാക്രമം 5,00,000/-, 4,20,000/- രൂപയും വകയിരുത്തി കറവപശുവിനെ വാങ്ങുക എന്നതാണ് പദ്ധതി ലക്ഷ്യം. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2) വായ്പാബന്ധിത പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതിയ്ക്ക് വായ്പാ സാദ്ധ്യതകളെ സംബന്ധിച്ച ഒരു ലഘുവിവരണം തയ്യാറാക്കണം. തുടർന്ന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വായ്പാ ബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ പട്ടികയും തയ്യാറാക്കി ഉൾപ്പെടുത്തണം. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

3) പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. കറവപശു വാങ്ങിയ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

4) കറവപശുവിന്റെ പ്രായം, ഗുണനിലവാരം എന്നിവ ഉറപ്പാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

5) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

6) ഇൻഷ്വറൻസ് ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 62/29.12.18) രേഖകൾ ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 5,80,000/- (300000+ 280000) രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി -മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം - 179/18, സമഗ്ര കന്നുകാലി ഇൻഷ്വറൻസ്

അടങ്കൽ തുക – 27435/- വി.ഫ

ചെലവ് തുക – 27435/-

ബിൽ നം , തീയതി - 16/31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

50,000/- രൂപ പരമാവധി വിലവരുന്ന ഒരു പശുവിന് 885/- രൂപ സബ്സിഡി തുകയായി ലഭിക്കുന്ന വിധത്തിലാണ് സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. യൂണിറ്റ്കോസ്റ്റിന്റെ 3% തുകയുടെ 18% കണക്കാക്കി ആയതിന്റെ 50% തുകയാണ് സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. 31 ഗുണഭോക്താക്കൾക്കുള്ള ഇൻഷുറൻസ് തുക ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയ്ക്ക് അടച്ചു. കന്നുകാലികളെ ഇൻഷ്വർ ചെയ്ത വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടാതെ 13 ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)80/2017 തസ്വഭവ, 3.4.2017 പ്രകാരം സമഗ്രകന്നുകാലി ഇൻഷുറൻസ് സബ്സിഡി ഇനത്തിൽ ഉൾപ്പെട്ട പദ്ധതിയല്ല. മാർഗ്ഗരേഖയിലെ പൊതു നിബന്ധനയിലെ ഖണ്ഡിക 2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പദ്ധതി നടപ്പിലാക്കാൻ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം 61/29.12.18) ഡി.പി.സിയുടെ അംഗീകാരം ലഭിച്ചതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 27,435/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയതി | ഹാജരാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | 173/18, കിടാരി വളർത്തൽ ജനറൽ | 112000/- (56000/- വി.ഫ 56000/- ഗു.വി) | 56000/- (വി.ഫ) | 13/26.3.18, 56000/- | പർച്ചേയ്സ് കമ്മിറ്റി വിവരങ്ങൾ, കിടാരിയെ വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ, കിടാരിയുടെ പ്രായം ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്തതിന്റെ വിവരങ്ങൾ, ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങൾ,മോണിറ്ററിംഗ് റിപ്പോർട്ട് ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ വിവരങ്ങൾ തുടങ്ങിയവ |
| 2 | 169/18, ആട്ടുവളർത്തൽ ജനറൽ | 320000/- (160000/- വി.ഫ 160000/- ഗു.വി) | 160000/- വി.ഫ (20 x 8000) | 11/26.3.18 160000/- | പർച്ചേഴ്സ് കമ്മിറ്റി വിവരങ്ങൾ, ആടിനെ വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ, ആടിന്റെ പ്രായം, ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്തതിന്റെ വിവരങ്ങൾ, ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങൾ,മോണിറ്ററിംഗ് റിപ്പോർട്ട് , ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ വിവരങ്ങൾ തുടങ്ങിയവ, |

| | | | | | |
|---|---|---|---|---|---|
| 3 | SO170/18, ആട് വളർത്തൽ എസ്.സി.പി | 320000/- | 132000/- വി.ഫ (11 x 12000) | 12/26.3.18 132000/- | പർച്ചേഴ്സ് കമ്മിറ്റി വിവരങ്ങൾ, ആടിനെ വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ, ആടിന്റെ പ്രായം, ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്തതിന്റെ വിവരങ്ങൾ, ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങൾ,മോണിറ്ററിംഗ് റിപ്പോർട്ട് , ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ വിവരങ്ങൾ തുടങ്ങിയവ, |
| | | ആകെ | | 348000/- | |

മേൽ സൂചിപ്പിച്ച പദ്ധതികളിൽ അവയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 59/29.12.18) രേഖകൾ ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 3,48,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും സ്പിൽ ഓവർ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണച്ചുമതലയിൽ 17-18 വർഷം 65 പ്രോജക്ടുകൾ അംഗീകാരം വാങ്ങിയിരുന്നു. അവയുടെ നിർവ്വഹണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ എണ്ണം | | | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|
| പുതിയത് | സ്പിൽഓവർ | ആകെ | പുതിയത് | സ്പിൽഓവർ | ആകെ |
| 35 | 30 | 65 | 20 | 7 | 27 |

| ക്രമ നമ്പർ | ഓഡിറ്റിൽ കണ്ടെത്തിയത് | നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 31/24.12.2018) |
|---|---|---|
| i | ആകെ അഗീകാരം വാങ്ങിയ മരാമത്ത് പ്രവൃത്തികളിൽ 46% സ്പിൽ ഓവർ പ്രവൃത്തികളാണ്. | മറുപടിയിൽ അവ്യക്തത - 17-18 വർഷത്തെ പ്രവൃത്തികൾ സ്പിൽ ഓവറാകാനുള്ള കാരണമായി കരാർ വച്ചതിലെ കാലതാമസമാണ് കാരണം. |
| ii | സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 7 പ്രവൃത്തികൾ നടപ്പാക്കിയില്ല. | സ്ഥലം ലഭ്യമാകാത്തതിനാലും സാങ്കേതിക കാരണങ്ങളാലും ഉപേക്ഷിച്ചു. |
| iii | ഭരണസമിതിയുടെ 28.03.2017ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ | ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ടെന്റർ, റീ-ടെന്റർ, ക്വട്ടേഷൻ നടപടികൾ |

| | | |
|---|---|---|
| | പദ്ധതികൾക്ക് ടെന്റർ /ക്വട്ടേഷൻ നടത്തി അസി.എഞ്ചിനീയർ സമർപ്പിച്ച ഇവാല്യവേഷൻ റിപ്പോർട്ട് പരിശോധിച്ച് 6 ടെന്ററുകളും 3 ക്വട്ടേഷനുകളും അംഗീകരിച്ചത്. | പൂർത്തിയായത്. |
| iv | 16-17 വർഷത്തെ SO144/17-ാം നമ്പർ പ്രോജക്ടായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന്റെ റീ-ടെന്റർ ഇവാല്യൂവേഷൻ റിപ്പോർട്ട് പരിശോധിച്ച് ടെന്റർ അംഗീകരിച്ചത് ഭരണസമിതിയുടെ 03.05.2017ലെ 21(1)-ാം നമ്പർ തീരുമാനപ്രകാരമാണ്. | 30.03.2017ലാണ് പ്രവൃത്തി റീ-ടെന്റർ ചെയ്തത്. |

വേണ്ടത്ര പരിശോധന നടത്താതെ പ്രോജക്ടുകൾ രൂപീകരിക്കുകയും യഥാസമയം നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുക വഴി പ്രവൃത്തികൾ സ്പിൽ ഓവറാകുകയും സ്ഥല ലഭ്യതയുടെ അഭാവത്താലും സാങ്കേതിക കാരണങ്ങളാലും പ്രവൃത്തികൾ ഒഴിവാക്കുകയും ചെയ്യേണ്ടി വരുന്നത് മരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ജാഗ്രതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 മത്സരാധിഷ്ഠിതമല്ലാത്ത ടെന്ററുകൾ

2017-18 സാമ്പത്തിക വർഷം നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും സ്പിൽ ഓവർ പ്രവൃത്തികളാണ്. ടെന്റർ രജിസ്റ്റർ പരിശോധിച്ചതിൽ, സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ആദ്യ ടെന്റർ സ്വീകരിച്ച 04.07.2017ൽ 27 ടെന്റർ പ്രവൃത്തികളിൽ 7 എണ്ണത്തിന് മാത്രമാണ് ടെന്റർ ലഭിച്ചത്. 29.08.2017ൽ നടന്ന റീ-ടെന്ററിൽ 19 പ്രവൃത്തികളിൽ 4 എണ്ണത്തിന് മാത്രമാണ് ടെന്റർ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതേ തീയതിയിൽ നടന്ന 7 പ്രവൃത്തികളുടെ ആദ്യ ടെന്ററിൽ 3 എണ്ണത്തിന് ഓരോ ടെന്റർ വീതമാണ് ലഭിച്ചിട്ടുള്ളത്. 25.11.17ൽ നടന്ന റീ -ഇ-ടെന്ററിലും സ്ഥിതി വിഭിന്നമല്ല. ടെന്റർ നടപടിക്രമങ്ങൾ സംബന്ധിച്ച വ്യക്തമായ വിശദാംശങ്ങൾ ലഭ്യമല്ല. ഇ -ടെന്ററുകളെ സംബന്ധിച്ച BOQ Summery Details ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലഭിച്ച ടെന്ററുകളെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിൽ പൊതുവായി പ്രവൃത്തികൾ പല പ്രാവശ്യം ടെന്റർ ചെയ്താലും കരാറുകാർ ടെന്റർ ഏറ്റെടുക്കാത്ത അവസ്ഥയാണുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. ആദ്യ ടെന്ററിൽ പങ്കെടുക്കാതെ പ്രവൃത്തികൾ ഭൂരിഭാഗവും റീ-ടെന്ററാക്കുകയും ഇതിൽ നാമമാത്ര/സിംഗിൾ ടെന്ററുകൾ മാത്രം സമർപ്പിക്കുകവഴി മത്സര സ്വഭാവം ഇല്ലാതാക്കുകയും ചെയ്യുന്ന പ്രവണത കാണുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ലഭിച്ച ടെന്ററുകളുടെ എണ്ണം | ടെന്റർ സമർപ്പിച്ചവർ | അംഗീകരിച്ച തുക |
|---|---|---|---|---|---|
| 04.07.2017 ലെ ആദ്യ ടെന്റർ | | | | | |
| i | പാലച്ചിറ തെങ്ങുവിള തൈക്കാട് റോഡ് കോൺക്രീറ്റിംഗ് | 3,00,000 | 2 | സുൽഫിക്കർ, സുഗുണാനന്ദൻ | 236886.60 |
| ii | ഇലവനംപൊയ്ക താന്നിമൂട് ലക്ഷം വീട് റോഡ് | 4,00,000 | 2 | ബാജി, | 308886.40 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | | സുൽഫിക്കർ | |
| iii | പള്ളിമുക്ക് പേഴുവിള റോഡിൽ പാർശ്വഭിത്തി നിർമ്മാണം | 3,53,000 | 2 | ഗോവിന്ദരാജ് സെൻ, ശ്യാമപ്രസാദ് | 302172.86 |
| iv | ഡീസന്റ് മുക്ക് ചെക്കാലവിളാകം റോഡ് രണ്ടാംഘട്ട കോൺക്രീറ്റിംഗ് | 4,00,000 | 2 | നഹാസ്, സുദർശനൻ | 307016.74 |
| 29.08.2017ലെ റീ-ടെന്റർ | | | | | |
| i | അൽ റഷീദ് അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 1 | സുഗുണാനന്ദൻ | 185599.95 |
| ii | മുട്ടക്കാട് അംഗൻവാടി റോഡ് പാർശ്വഭിത്തി നിർമ്മാണം | 3,00,000 | 1 | ശ്യാമപ്രസാദ് | 297736.60 |
| iii | ചെമ്പക മന്ദിരം ഏലാ റോഡ് പുനരുദ്ധാരണം | 4,00,000 | 1 | ശ്യാമപ്രസാദ് | 382720 |
| iv | ജനത ജംഗ്ഷൻ മാത്തൻവിള റോഡ് സംരക്ഷണം | 3,00,000 | 1 | ശ്യാമപ്രസാദ് | 298537.40 |

റീ-ടെന്റർ നടത്തിയിട്ടും കരാർ ഉറപ്പിക്കാൻ സാധിക്കാതെ 8 പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടിവന്നു. വിശദാംശം ചുവടെ ചേർക്കുന്നു

(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 53/27.12.2018ന്റെ മറുപടി).

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ പേര് | കരാർ ഉറപ്പിച്ചത് |
|---|---|---|---|---|
| i | പാലച്ചിറ തെങ്ങുവിള തൈക്കാവ് സംരക്ഷണഭിത്തി | 3,00,000 | സനൽ | 0.01% കുറവ് |
| ii | വടശ്ശേരിക്കോണം - അംബേദ്കർ കോളനി റോഡ് റീ ടാറിംഗ് | 5,00,000 | ചിഞ്ചു പ്രസാദ് | എസ്റ്റിമേറ്റ് നിരക്ക് |
| iii | പാലച്ചിറ പള്ളിമുക്ക് കരിക്കോത്തിൽ ഏലാ റോഡ് റീ ടാറിംഗ് | 3,00,000 | ബാബു | എസ്റ്റിമേറ്റ് നിരക്ക് |
| iv | മണിമന്ദിരം പാലച്ചിറ റോഡ് റീ ടാറിംഗ് | 3,00,000 | ബാബു | എസ്റ്റിമേറ്റ് നിരക്ക് |

| | | | | |
|---|---|---|---|---|
| v | ചാക്കപൊയ്ക ഡീസന്റ് മുക്ക് റോഡ് ബാക്കി ഭാഗം റീ ടാറിംഗ് | ക്വട്ടേഷൻ ലഭിച്ചില്ല | | |
| vi | ചാണിക്കൽ റേഷൻകട റോഡ് റീ ടാറിംഗ് 2-ാം ഘട്ടം | 2,66,000 | ബാബു | എസ്റ്റിമേറ്റ് നിരക്ക് |
| vii | കോളനികളിൽ നടപ്പാതയും മണ്ണ് സംരക്ഷണവും | 1,01,000 | ബാബു | എസ്റ്റിമേറ്റ് നിരക്ക് |
| viii | അംഗൻവാടികളുടെ പുനരുദ്ധാരണം | 2,00,000 | ബാബു | എസ്റ്റിമേറ്റ് നിരക്ക് |

ഇപ്രകാരം ടെന്ററുകളിൽ പങ്കെടുക്കാതെ പ്രവൃത്തികൾ റീ-ടെന്ററാക്കുകയും റീ-ടെന്ററുകളിലും പൂർണമായി സഹകരിക്കാതെ ക്വട്ടേഷൻ നടപടികളിലെത്തിക്കുകയും ചെയ്യുക വഴി ടെന്ററുകളിലെ മത്സര സ്വഭാവം ഇല്ലാതാകുന്നു. ഈ വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പരിഗണിച്ച് നിലപാടുകൾ കൈക്കൊള്ളേണ്ടതുണ്ട്.

## 3-10 ചിറവിള കുളം പുനരുദ്ധാരണം - പ്രവൃത്തി പ്രയോജനപ്രദമാക്കാനുള്ള നടപടികൾ ആവശ്യം

യഥാസമയം നടപടികളെടുക്കാത്തതിനാലും വിശദമായ സ്ഥലപരിശോധന നടത്താത്തതിനാലും പ്രവൃത്തി ലക്ഷ്യത്തിലെത്തിയില്ല.

കുളം വൃത്തിയാക്കി കുളത്തിലേക്ക് സ്റ്റെപ്പ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി 2016-17 സാമ്പത്തിക വർഷം SO141/17 -ാം നമ്പരായി അംഗീകാരം വാങ്ങിയ പ്രോജക്ട്. 2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | - SOO46/18 |
| അടങ്കൽ തുക : | വികസന ഫണ്ട് | - 33,400/- |
| | ധനകാര്യകമ്മീഷൻ അവാർഡ് | - 16,600/- |
| | ആകെ | - 50,000/- |
| കരാറുകാരൻ | | - രാഗേഷ് (0.01% below) |
| എം.ബുക്ക് നമ്പർ | | - 75/17-18 |

പ്രവൃത്തിയുടെ 16-17ലെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 'Cleaning the pond and step towards the pond'നു വേണ്ടിയാണ് തയ്യാറാക്കിയതെന്ന് രേഖപ്പെടുത്തലുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം പാർശ്വ ഭിത്തി നിർമ്മാണമാണുള്ളത്.

2016-17ൽ അംഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയത് 29.03.2017നാണ്. പലപ്രാവശ്യം ടെന്റർ ചെയ്തിട്ടും കരാറുകാർ ടെന്ററെടുക്കാത്ത അവസ്ഥയാണുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 41/26.12.2018ന്റെ മറുപടി).

ഭരണസമിതിയുടെ 12.01.2018ലെ 1(8)-ാം നമ്പർ തീരുമാനപ്രകാരം വർഷങ്ങളായി കുളം ഉപയോഗിക്കാതിരുന്നതിനാൽ കാട് പിടിച്ച് ചെടി നിറഞ്ഞ് കിടക്കുന്നതിനാൽ അത്യാവശ്യമായി വൃത്തിയാക്കേണ്ടിവന്നുവെന്നും ആയതിനാൽ എസ്റ്റിമേറ്റ് തുകയിൽ നിലനിർത്തിക്കൊണ്ട് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു.

എസ്റ്റിമേറ്റിലെ ഇനങ്ങളിൽ ചുവടെപ്പറയുംപ്രകാരമാണ് മാറ്റം വരുത്തിയത്.

| ഇനം നമ്പർ | ഇനം | ആദ്യ എസ്റ്റിമേറ്റ് പ്രകാരം അളവ് | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അളവ് |
|---|---|---|---|
| 1 | വെള്ളം പമ്പ് ചെയ്ത് കളയുന്നതിന് | 30 മണിക്കൂർ | 78 മണിക്കൂർ |
| 2 | മണ്ണ് കുഴിച്ചെടുക്കുന്നതിന് | 26 മനുഷ്യദിനം | 45 മനുഷ്യദിനം |
| 3 | സംരക്ഷണ ഭിത്തി | 4.052ഘ.മീറ്റർ | 0.820 ഘ.മീറ്റർ |

സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകവഴി പുതുക്കേണ്ടിവരികയും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നതിന് ഉദാഹരണമാണിത്.

സ്ഥലപരിശോധനയിൽ സംരക്ഷണ ഭിത്തിയിൽ കേടുപാടുകളില്ലെങ്കിലും കുളത്തിലെ ചെളി പൂർണമായും മാറ്റി പൊതുജനത്തിന് പ്രയോജനപ്രദമാക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലായെന്ന് ബോദ്ധ്യമായി. പൊതുജനത്തിന് കുളം പ്രയോജനപ്രദമാകണമെങ്കിൽ കുളത്തിലേക്കുള്ള സ്റ്റെപ്പിന്റെ ആവശ്യകതയുണ്ട്. വർഷങ്ങളോളം പഴക്കമുള്ളതും ചെളിയും മലിനജലവും നിറഞ്ഞ് കിടന്നതിനാലും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്യേണ്ടിവന്നുവെന്നും അതുകൊണ്ടാണ് ഭാഗികമായി പ്രവൃത്തി പൂർത്തീകരിച്ചതെന്നും വിശദീകരണമുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം കുളത്തിലെ ചെളി മുഴുവൻ നീക്കം ചെയ്യാൻ സാധിച്ചിട്ടില്ലായെന്നും കുളം വൃത്തിയാക്കി പൂർണമായും ഉപയോഗപ്രദമാക്കുന്ന സാഹചര്യത്തിൽ മാത്രമേ സ്റ്റെപ്പിന്റെ പ്രാധാന്യം വരുന്നുള്ളൂവെന്നും ഓഡിറ്റ് എൻക്വയറിക്ക് (64/29.12.2018) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്കയച്ച 17.01.2018ലെ MIV/RTP/ 2018-ാം നമ്പർ കത്ത് പ്രകാരം ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളം പുനരുദ്ധാരണം ചെയ്യാൻ തുക അനുവദിച്ചിട്ടുള്ളതാണെന്നും ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് കുളത്തിലെ ചെളി നീക്കം ചെയ്യേണ്ടതുണ്ടോയെന്ന് അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ മറുപടിയായി ഭാഗികമായി മാത്രമേ നീക്കം ചെയ്യാൻ സാധിച്ചിട്ടുള്ളുവെന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 12.02.18ൽ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, ഇറിഗേഷൻ ഫണ്ട് വിനിയോഗിച്ചിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ മേൽ വിഷയങ്ങളിൽ ക്ഷണിക്കുന്നു.

## 3-11 <u>പാടശേഖരസമിതിക്കായി നിർമ്മിച്ച ട്രാക്ടർ പാത പൊളിഞ്ഞ നിലയിൽ</u>

കാറാത്തല പാടശേഖരസമിതിക്ക് നിലവിലുള്ള ട്രാക്ടർ പാതയുടെ വീതി പര്യാപ്തമല്ലാത്തതിനാൽ പാർശ്വഭിത്തി നിർമ്മിച്ച് വീതി കൂട്ടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | : SOO30/18 |
| പേര് | | : പാടശേഖരസമിതികൾക്ക് ട്രാക്ടർ പാത നിർമ്മാണം |
| <u>അടങ്കൽ</u>:- | വികസനഫണ്ട് | : 21,200 |
| | ധനകാര്യകമ്മീഷൻഅവാർഡ് | : <u>2,41,141</u> |
| ആകെ | | : 2,62,341 |
| കരാറുകാരൻ | | : സനിൽ.ആർ(0.01% below) |
| എം.ബുക്ക് നമ്പർ | | : 432/16-17 |
| ബിൽ നമ്പർ | | : 12/15.11.2017 തുക 2,37,562/-രൂപ<br>13/15.11.2017 തുക 21,200/- രൂപ |

എ) <u>പ്രവൃത്തി സ്ഥലം മാറ്റി</u>

കാറാത്തല പാടശേഖരത്തിൽ 2,58,762രൂപ ചെലവഴിച്ച് നിർമ്മിച്ച ട്രാക്ടർ പാത സൈറ്റ് പ്ലാൻ അനുസരിച്ചല്ല ചെയ്തിരിക്കുന്നത്. ഉപയോഗപ്രദമാക്കുന്നതിനുവേണ്ടിയും ട്രാക്ടർ ഇറങ്ങുന്നതിന് കൂടുതൽ സൗകര്യമൊരുക്കുന്നതിനുവേണ്ടിയും ഭരണ സമിതിയുടെ നിർദ്ദേശപ്രകാരമാണ് പ്രവൃത്തി സ്ഥലം പാടശേഖരത്തിന്റെ ഒരു സ്ഥലത്തുനിന്ന് മറ്റൊരുഭാഗത്തേക്ക് മാറ്റിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 64/29.12.2018ന്റെ മറുപടി).

ബി) <u>പാത പൊട്ടിപ്പൊളിഞ്ഞ നിലയിൽ</u>

പ്രധാനമായും ചെയ്തത് ചുവടെപ്പറയുന്ന ഇനങ്ങളാണ്.

<u>ഇനം 2 – Providing concrete for plain / re- inforced concrete in open foundations…</u>

4.08 $m^3$ന് 7340.47/$m^3$ നിരക ്കിൽ 29,949.12 രൂപ

<u>ഇനം 3 – Plain/ re- inforced cement concrete in sub structure…</u>

17.34 $m^3$ ന് 8008.05/$m^3$ നിരക്കിൽ 1,38,859.58 രൂപ

<u>ഇനം 5 – Construction of subgrade and earrthern shoulders with approved material obtained from borrow pits with all lift and leads, transporting to the site, spreading, grading to required slope and compacted to meet requirement of Table 300.2</u>

23.28$m^3$ന് 411.17/$m^3$ നിരക്കിൽ 9572.04 രൂപ

സ്ഥലപരിശോധനയിൽ പ്രസ്തുത ട്രാക്ടർ പാത പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണെന്നുകണ്ടു. മണ്ണ് നിറച്ച് കോമ്പാക്ട് ചെയ്തതിലെ അപാകതയായി കാണുന്നു.

സൈറ്റ് മാറിയതുകൊണ്ട് പാർശ്വഭിത്തിയുടെ ഉയരവും നീളവും കൂടിയതിനാൽ മൊത്തം വീതിയിൽ കോൺക്രീറ്റ് ചെയ്യാൻ കഴിഞ്ഞില്ലായെന്നും ഇതുകാരണമാണ് പാത പൊട്ടിപ്പൊളിഞ്ഞതെന്നുമാണ് വിശദീകരണം. സൈറ്റ് മുൻകൂട്ടി പരിശോധിക്കാതെയും പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാതെയും എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ട്രാക്ടർ പാത സഞ്ചാരയോഗ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

സി) <u>പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിച്ചില്ല</u>

പ്രവൃത്തിയുടെ ഇനം 9ൽ പെർമനന്റ് ബോർഡ് സ്ഥാപിച്ചതിന് 2964.50 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പ്രസ്തുത ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചതായി കാണുന്നില്ല. ഇക്കാരണത്താൽ തന്നെ സ്ഥല പരിശോധനയിൽ പ്രവൃത്തി സ്ഥലത്തെ സംബന്ധിച്ച് ആദ്യം വ്യക്തതയുണ്ടായില്ല. ഇതിനായി നൽകിയ 2964.50 – ടെന്റർ കുറവ് 0.30 = 2,964/- രൂപ നിരാകരിക്കുന്നു.

## 3-12 <u>മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം - പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും തുടർ പ്രവർത്തനങ്ങളിലും അപാകം</u>

2016-17 സാമ്പത്തിക വർഷം SO144/17 -ാം നമ്പരായി അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ സ്പിൽ ഓവറായി നടപ്പാക്കിയതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | : SOO47/18 |
| അടങ്കൽ:- | ധനകാര്യകമ്മീഷൻ അവാർഡ് | : 1,87,500 |
| | സംസ്ഥാനാവിഷ്കൃത പരിപാടി | : <u>5,62,500</u> |

| | |
|---|---|
| ആകെ | : 7,50,000 |
| കരാറുകാരൻ | : എം.അഷറഫ് |
| എം.ബുക്ക് നമ്പർ | : 402/16-17 |

എ) എസ്റ്റിമേറ്റ് റിപ്പോർട്ടും പ്രോജക്ടും പരസ്പര വിരുദ്ധം

2016-17 പ്രോജക്ട് പ്രകാരം പ്ലിന്ത് ഏരിയ 24.09 ച.മീറ്ററുള്ളതും മേൽക്കൂര കോൺക്രീറ്റായതുമായ കെട്ടിടം നിർമ്മാണമാണ് ലക്ഷ്യമിട്ടിട്ടുള്ളത് (പ്രോജക്ട് പ്രൊഫോമ F - ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ). എന്നാൽ അതേ വർഷത്തെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ (TS No. 84491/2016-17) "In this building the roof are damaged so that changing of the roof, fixing of new two doors, three windows are provided in this estimate. Steel wire fabric was provided to prevent the entering of birds in to the building"എന്നാണുള്ളത്. ഇപ്രകാരം വൈരുദ്ധ്യമുണ്ടാകാനുള്ള കാരണമായി, പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആശയത്തോടെ പ്രോജക്ട് വച്ചെങ്കിലും സ്ഥലം ലഭിക്കാത്തതിനാൽ മാർക്കറ്റിലുള്ള കെട്ടിടം പ്രോജക്ടിനുവേണ്ടി പുനക്രമീകരിച്ചുവെന്നാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 40/26.12.2018ന്റെ മറുപടി). സ്ഥലം ലഭ്യത ഉറപ്പ് വരുത്താതെ പ്രോജക്ട് തയ്യാറാക്കിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

ബി) സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമായില്ല – കരാറുകാരന് തുക പൂർണമായും നൽകിയില്ല

സംസ്ഥാനാവിഷ്കൃത പരിപാടി എന്ന വകയിൽ 5,62,500/- രൂപ വകയിരുത്തിരുന്നു. പ്രവൃത്തി മൂല്യം 2,19,983/- രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് - 1,87,500/-, തനത് ഫണ്ട് - 32,483/- എന്നിങ്ങനെ വിഭജിച്ച് തനത് ഫണ്ടിന് നേരെയായി "Not given continued as spill over for 18-19" എന്ന് എം- ബുക്കിന്റെ ബിൽ പാർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരന് നൽകാനുള്ള 2,06,784/- രൂപയിൽ നികുതികൾ കുറച്ചതിനുശേഷമുള്ള തുകയിൽ 1,74,301/- രൂപയാണ് നൽകിയിട്ടുള്ളത് (ബിൽ നമ്പർ 14/15.11.2017 തുക 1,87,500രൂപ). ബാക്കിയുള്ള 32,483/- രൂപ കരാറുകാരന് നൽകിയിട്ടില്ല. പ്രസ്തുത തുകയ്ക്കുള്ള ഫണ്ട് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പ്രവൃത്തി വീണ്ടും സ്പിൽ ഓവറായി.

സി) പ്ലാസ്റ്റിക് പരിപാലനത്തിന് തുടർ നടപടികൾ അനിവാര്യം

മാർക്കറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾകൊണ്ട് പൂർണമായും നിറഞ്ഞ അവസ്ഥയിലാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ അഭാവത്തിൽ പ്രസ്തുത റിക്കവറി സെന്റർ പ്രയോജന രഹിതമാകാതിരിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാതെ തുടരുന്നു.

ഗ്രാമപഞ്ചായത്ത് 2016-17ൽ ആരംഭിച്ചതും സ്പിൽഓവർ ആയതുമായ, അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയുമായ, ചുവടെ ചേർക്കുന്ന പദ്ധതികൾ യാതൊരു ചെലവുമില്ലാതെ തുടരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ഫണ്ടിനം | അടങ്കൽ തുക |
|---|---|---|---|
| 1 | 51/18 ഭവനനിർമ്മാണം (എസ്.സി.ആശ്രയ) | വികസനഫണ്ട് (എസ്.സി.പി) | 6,00,000/- |

| | | | |
|---|---|---|---|
| 2 | 54/18 ആശ്രയ കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ | വികസനഫണ്ട് (പൊതുവിഭാഗം) | 2,25,000/- |
| 3 | 55/18 ഭവനവൈദ്യുതീകരണം (ആശ്രയ) | വികസനഫണ്ട് (എസ്.സി.പി) | 16,000/- |
| 4 | 57/18 സ്വയംതൊഴിൽ പദ്ധതി-യുവജനങ്ങൾക്ക് ഓട്ടോറിക്ഷ പിക്ക് അപ്പ് വാങ്ങൽ | വികസനഫണ്ട് (എസ്.സി.പി) | 4,00,000/- |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം ഒരു പദ്ധതി സ്പിൽഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ തുടരെ സ്പിൽഓവർ ആകുന്നത് മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.29) നൽകിയ മറുപടിയിൽ ടി പദ്ധതികൾക്ക് 2016-17ലും 2017-18ലും ചെലവില്ല എന്നാണ്. ഇതിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നില്ലായെന്നും ആവശ്യകത കണക്കാക്കാതെ പദ്ധതികൾ തയ്യാറാക്കുന്നുവെന്നും അനുമാനിക്കേണ്ടതായുണ്ട്. ആയതിനാൽ വിഷയത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-14 മതിയായ രേഖകളില്ലാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ട് നം. 189/18 (യുവജനങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതി-ഓട്ടോറിക്ഷ വാങ്ങൽ– എസ്.സി) പ്രകാരം വികസനഫണ്ട് (എസ്.സി.പി)-ൽ 1,5,000/- രൂപ വകയിരുത്തുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | നല്കിയ സബ്സിഡി തുക | ബിൽ നം./തീയതി |
|---|---|---|
| സുഭാഷ്, പുളിനിന്ന വീട്, അയന്തി | 50,000/- (കേരള ഗ്രാമീൺ ബാങ്ക്, പുത്തൻചന്ത) | 264/17-18 25.01.2018 |
| വിനോദ്.വി.എസ്, കാവുവിള, വടശ്ശേരിക്കോണം | 50,000/- (യൂണിയൻ ബാങ്ക്, വർക്കല) | 241/17-18 16.01.2018 |
| സേതു, ലക്ഷംവീട്, മാറാത്തല | 50,000/- (കേരള ഗ്രാമീൺ ബാങ്ക്,പുത്തൻചന്ത) | 347/17-18 19.03.2018 |

രേഖകൾ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം എസ്.സി. വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ലാതെയാണ് സബ്സിഡി തുക കൈമാറിയിട്ടുള്ളത് എന്ന് കാണുന്നു. വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46) നൽകിയ മറുപടിയിൽ ടി സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയതായും ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ഫയലിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾ

ഒരേ ആനുകൂല്യം വിവിധ ഏജൻസികളിൽ നിന്നും കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 അംഗൻവാടി പാചക വാതക സബ്സിഡി തുക- അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല

അംഗൻവാടികളിൽ നടപ്പിലാക്കി വരുന്ന അനുപൂരക പോഷകാഹാരം പദ്ധതിയുടെ ഭാഗമായി ഭക്ഷണം പാകം ചെയ്യുന്നതിന് അംഗീകൃത ഗ്യാസ് ഏജൻസികളിൽ നിന്ന് കുക്കിംഗ് ഗ്യാസ് വാങ്ങിയിട്ടുണ്ട്. ആകെയുള്ള18 അംഗൻവാടികളിൽ 9 അംഗൻവാടികളിൽ സൂപ്പർവൈസർ വർക്കർ എന്നിവരുടെ പേരിലുള്ള ഫ്ലക്സി അക്കൗണ്ടിൽ ഗ്യാസിന്റെ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അംഗൻവാടികളിലെ അക്കൗണ്ടിൽ സബ്സിഡി തുക ക്രഡിറ്റ് ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 63/29.12.18) നല്കിയ മറുപടിയിൽ ഗ്യാസ് ഏജൻസികളിൽ ഈ വിഷയം അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അംഗൻവാടി നിരീക്ഷണ കമ്മിറ്റി, വെൽഫയർ കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ ക്രെഡിറ്റിൽ വന്നിട്ടുള്ള തുകകൾ മേൽ സൂചിപ്പിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്കും തീരുമാനത്തിനും വിധേയമായി സർക്കാർ നിർദ്ദേശാനുസരണം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ഭവന പുനരുദ്ധാരണം- എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹണം നടത്തി.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 183/18 |
| പ്രോജക്ടിന്റെ പേര് | - | ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | - | 1400000 |
| ചെലവ് | - | 1400000 |

പുനരുദ്ധാരണം ആവശ്യമായ വീടുകൾക്ക് ധനസഹായം നൽകി വാസയോഗ്യമാക്കി സംരക്ഷിക്കാനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. ഭവന പുനരുദ്ധാരണം പ്രോജക്ടിലേക്കായി റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും തുക അനുവദിക്കുന്നതിക്കുന്നതിന് മുൻപ് ഓവർസീയർ/ എഞ്ചിനീയർ വാല്യുവേഷൻ തയ്യാറാക്കേണ്ടതുമുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചാണ് ഗുണഭോക്താവ് പ്രവൃത്തികൾ ചെയ്തതെന്ന് വ്യക്തമാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി | ചെയ്ത പ്രവൃത്തി |
|---|---|---|
| ശ്രീമതി.സത്യഭാമ, കന്നുവിള വീട് | 1)Plastering external and internal walls with cement mortar 1:4, 12 mm thick | 1)Steel work in built up tubular trusses etc including cutting, hoisting, fixing and applying a running coat |
| | 2)Flooring with cement concrete 1:4:8, 75 mm thick and cement plastering with 1:5 | 2)Providing and fixing precoiled galvanized iron profile , sheets .35 mm, total coated thickness with |

| | | |
|---|---|---|
| | | zinc coating 120 grams |
| | 3)Replacement of battens and top roof sheets (0.30 mm) thick | 3)solid block masonry using pre cost solid blocks |
| | 4)White washing | 4) minor repairs to doors and windows |
| | 5)Transportation | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/24-12-2018) ഓവർസീയറുടെ വാല്യുവേഷനിലെ വ്യതിയാനം ശ്രദ്ധയിൽപ്പെട്ടില്ലെന്നും വരും വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ (വി.ഇ.ഓ) മറുപടി നൽകി. തുടർന്നുള്ള വർഷങ്ങിൽ എസ്റ്റിമേറ്റിലേതിന് അനുസൃതമായി മാത്രം പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-17 വി.ഇ. ഓ നിർവ്വഹണോദ്യോസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയില്ല- ആസൂത്രണത്തിലെ വീഴ്ച

2017-18 വർഷം അംഗീകാരം ലഭിച്ച ചുവടെ പറയുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ |
|---|---|---|---|
| 1 | SO07/18 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 225000 |
| 2 | SO08/18 | സ്വയം തൊഴിൽ പദ്ധതി-യുവജനങ്ങൾക്ക് ഓട്ടോ റിക്ഷ പിക്ക് അപ്പ് വാങ്ങൽ | 200000 |
| 3 | SOO9/18 | മിശ്രവിവാഹിതർക്ക് ധനസഹായം | 30000 |
| 4 | 177/18 | കുടുംബശ്രീ യൂണിറ്റിന് കാറ്ററിംഗ് യൂണിറ്റ് | 200000 |
| 5 | 182/18 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | 60000 |
| 6 | 184/18 | ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് | 200000 |
| 7 | 185/18 | സ്വയം തൊഴിൽ- കോഫി ഷോപ്പ്-കുടുംബശ്രീ യൂണിറ്റ് | 200000 |
| 8 | 200/18 | ഐ.ഇ.സി പ്രവർത്തനങ്ങൾ | 1107327 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/26-12-2018) നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇല്ലാത്തതിനാലാണ് ഭൂരിഭാഗം പ്രവൃത്തികളും നടപ്പിലാക്കാൻ സാധിക്കാതെ പോയതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഓ മറുപടി നൽകി. മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്തി വർക്കിംഗ് ഗ്രൂപ്പ്/ഗ്രാമസഭാ തലത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതിരുന്നതിനാലാണ് ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആസൂത്രണഘട്ടത്തിൽ ജനങ്ങൾക്ക് ആവശ്യമായ പ്രോജക്ടുകൾ കണ്ടെത്താൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 ഭവന പുനരുദ്ധാരണം- കാലപ്പഴക്കം തെളിയിക്കുന്ന രേഖകൾ ഫയലിൽ

<u>സൂക്ഷിച്ചിട്ടില്ല.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | - 193/18 |
| പ്രോജക്ടിന്റെ പേര് | - ഭവനപുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | - 287500 |
| ചെലവ് | - 287500 |
| ബിൽ നമ്പർ | - 01/17-18 തീയതി 30-06-2017 |
| | 04/17-18 തീയതി 30-06-2017 |
| | /17-18 തീയതി 14-07-2017 |
| | 08/17-18 തീയതി 27-07-2017 |
| | 10/17-18 തീയതി 31-08-2017 |
| | 11/17-18 തീയതി 19-11-2017 |

ഭവനപുനരുദ്ധാരണം പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

ബി) കെട്ടിടത്തിന് 8 വർഷത്തെ പഴക്കം ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/26-12-2018) മേൽ പരാമർശിച്ച രേഖകൾ സൂക്ഷിക്കാതിരുന്നത് മനപ്പൂർവ്വമല്ലെന്നും തുടർ പദ്ധതി നിർവ്വഹണത്തിൽ ഈ വീഴ്ച ആവർത്തിക്കില്ലെന്നും മറുപടി നൽകിയിരിക്കുന്നു. ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡങ്ങളിലൊന്ന് കെട്ടിടത്തിന്റെ കാലപ്പഴക്കം ആയതിനാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടെന്ന് ഉറപ്പ് വരുത്തി മാത്രം പ്രോജക്ട് നിർവ്വഹണം നടത്താൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 <u>മരുന്ന് പൂർണമായി ലഭ്യമായില്ല</u>

ഹോമിയോ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണത്തിൽ ആയുർവേദാശുപത്രിക്ക വേണ്ടി നടപ്പാക്കിയ പ്രോജക്ടുകൾക്കായി ഔഷധിക്ക് നൽകിയ തുകയ്ക്കുള്ള ആയുർവേദ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഔഷധിക്ക് നൽകിയ തുക | ബിൽ നമ്പർ | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|---|
| i | SO125/18 | എസ്.സി. വൃദ്ധജന പരിപാലനം | 2,50,000/- വികസന ഫണ്ട് (SCP) | 03/20.10.2017 | 2,28,243 | 21,757 |
| ii | SO121/18 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 3,50,000/- മെയിന്റനൻസ് ഫണ്ട് | 02/27.09.2017 | 0 | 3,50,000 |
| ആകെ | | | 6,00,000 | | 2,28,243 | 3,71,757 |

വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 67/29.12.2018) ഓഡിറ്റ് കഴിഞ്ഞതിനുശേഷം

ലഭ്യമാക്കിയ മറുപടിയിൽ 3,71,757/- രൂപയുടെയും മരുന്ന് ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ ഹാജരാക്കിയില്ല. 2016-17 വർഷത്തെ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ പ്രകാരം 1,26,386/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് ലഭിക്കാനുണ്ടെന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 3-9) പരാമർശമുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഫലപ്രദമല്ലായെന്നാണ് ഇത് തെളിയിക്കുന്നത്. മരുന്നുകൾ പൂർണമായും ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 40000 | ശാരീരിക വെല്ലുവിളികൾ നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | 27975 | 12025 |
| | 2017-18 | 132500 | മാനസിക വെല്ലുവിളികൾ നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | 108125 | 24375 |
| | 2017-18 | 68000 | സമഗ്ര നെൽകൃഷി വികസനം | 68000 | 0 |
| | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | 2017-18 | 900000 | കാർഷിക കർമ്മസേനയ്ക്ക് യന്ത്രോപകരണങ്ങൾ വാങ്ങൽ | 900000 | 0 |
| | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2017-18 | 100000 | ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം | 100000 | 0 |
| | 2017-18 | 100000 | പി.എച്ച്.സി. ലാബിന്റെ അടിസ്ഥാന സൗകര്യ വികസനം | 0 | 100000 |
| | 2017-18 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 87399 | 62601 |
| ജില്ല പഞ്ചായത്ത് | 2017-18 | 132500 | മാനസിക വെല്ലുവിളികൾ നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | 95750 | 36750 |
| | 2017-18 | 68000 | സമഗ്ര നെൽകൃഷി | 68000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വികസനം | | |
| | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | 2017-18 | 22680 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 22680 | 0 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ /തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| i | കെ.എസ്.ഇ,ബി | 17/18 തെരുവ് വിളക്കിനായി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 198475 | 0 | 198475 |
| ii | കെ.എസ്.ഇ,ബി | 138/18 തെരുവ് വിളക്കിനായി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 301750 | 0 | 301750 |
| iii | കേരള വാട്ടർ അതോറിറ്റി | 141/18 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 100000 | 55189 | 44811 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ)നം.275/2010/ തസ്വഭവ തീയതി 27.01.2010 | 12637500 | 3101463 | 1626352 | - | 1475111 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2012-13 | 3.2 | 2013-14 | 6.4 | തെരുവ് വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു. |
| 2012-13 | 3.2 | 2013-14 | 6.4.1 | തെരുവ് വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് :50905008
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് :50966985
വരവിനങ്ങളിലുള്ള നഷ്ടം : ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക :2964
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക :955435

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | | |
| 3-11 | | 2964 | ശ്രീമതി അശ്വതി.എസ്.പ്രസാദ്, അസി.എഞ്ചിനീയർ | അശ്വതി, മേൽവെട്ടൂർ(പി.ഓ.) |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തു

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 5,80,000 | ഡോ. വി. രമ |
| 3-6 | 27,435 | ഡോ. വി. രമ |
| 3-7 | 3,48,000 | ഡോ. വി. രമ |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | പേര് | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-11 | 2964/- | ശ്രീമതി അശ്വതി എസ്. പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ | "അശ്വതി", മേൽവെട്ടൂർ (പി.ഓ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 867/2002 തീയതി 01.07.2014 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1955/2007 തീയതി 01.07.2014 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1533/2008 തീയതി 01.07.2014 | 1 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 1042/12 തീയതി 20.11.2013 | 3 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2599 തീയതി 24.04.2014 | 6 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2345/2015 തീയതി 04.11.2015 | 1 | |
| 2014-15 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 1289/2016 തീയതി 04.11.2015 | 9 | |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2123/2016 തീയതി 14.12.2016 | 16 | |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2036/2017 തീയതി 20.10.2017 | 19 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

***edited BL***

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെറുന്നിയൂർ

ഗ്രാമപഞ്ചായത്തിന്റെ **2017-18**ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.